# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## എടയ്ക്കാട്ട്‌വയൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം

**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**

**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി6)1641/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തിയ്യതി: 21/11/2024
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത

തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: ഇ.കെ.എം(പി6)1641/2024 കെ.എസ്.എ- തീയ്യതി: 21/11/2024

**എറണാകുളം ജില്ലയിലെ എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു

ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷേർളി പീറ്റർ | ഡെപ്യൂട്ടി ഡയറക്ടർ | 04-11-2024 | 12-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2024 | 12-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി റസിയബീവി.ജെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി മേഴ്സി കെ പി , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജമീല ബീവി എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജിഷ ആൻ ജേക്കബ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ആർ.ജയകുമാർ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ ജയന്തകുമാർ എ പി | സെക്രട്ടറി | 01-04-2023 | 31-03-2024 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനിമോൾ പി.റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ.ഉമാനാഥ് പൈ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 03-07-2023 |
| ഡോ.സ്മിത രജിത്കുമാർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 04-07-2023 | 31-03-2024 |
| ഡോ.ശ്രീദേവി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ.ഭവ്യ ആർ പ്രസാദ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.(തൊട്ടൂർ ) | 01-04-2023 | 31-03-2024 |
| ഡോ.വിനോദ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. (ആരക്കുന്നം) | 01-04-2023 | 17-06-2023 |
| ഡോ. ജൂനിയ കെ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. (ആരക്കുന്നം) | 18-06-2023 | 31-03-2024 |
| ശ്രീ. വിമക്സൻ വി വർഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി ബിനു തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ജ്യോതി എസ് | ഹെഡ്മിസ്ട്രസ് | 01-04-2023 | 14-06-2023 |
| ശ്രീമതി മിനിമോൾ ജോൺ | ഹെഡ്മിസ്ട്രസ് | 15-06-2023 | 31-03-2024 |
| ശ്രീ.യദു രാജ് | കൃഷി ഓഫീസർ | 01-04-2023 | 25-04-2023 |

| | | | |
|---|---|---|---|
| ശ്രീമതി സീനു ജോസഫ് | കൃഷി ഓഫീസർ | 26-04-2023 | 07-06-2023 |
| ശ്രീമതി ഗോപിക എം ചന്ദ്രൻ | കൃഷി ഓഫീസർ | 08-06-2023 | 10-07-2023 |
| ശ്രീമതി ആശാരാജ് ആർ.സി | കൃഷി ഓഫീസർ | 11-07-2023 | 19-11-2023 |
| ശ്രീ. ആൻറോ ജയിംസ് | കൃഷി ഓഫീസർ | 20-11-2023 | 08-01-2024 |
| ശ്രീമതി ഗോപിക എം ചന്ദ്രൻ | കൃഷി ഓഫീസർ | 09-01-2024 | 31-03-2024 |
| ശ്രീ. വീണ സി. ഫിലിപ്പ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി ശ്രീലക്ഷ്മി സജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എടയ്ക്കാട്ടുവയൽ) | 01-04-2023 | 31-03-2024 |
| ശ്രീ.ഹരീഷ് കുമാർ പി.എച്ച് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വെളിയനാട്) | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത | 1-1-2 |
| 4 | സംരക്ഷണ ഗ്രാന്റിൽ നിന്നും മൂലധന ചെലവുകൾ രേഖപ്പെടുത്തി | 1-1-3 |
| 5 | ഐ.സി.ഡി.എസ്. വരവ് തുക റസീപ്റ്റ് & പേമെന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | ലൈഫ് സ്റ്റേറ്റ് ഷെയർ വരവ് -ചെലവു തുകകൾ വാർഷിക ധനകാര്യപത്രികയുമായി പോരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | സ്പെസിഫിക് പർപ്പസ് ഗ്രാന്റിനത്തിലെ വരവ് തുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | എം.ജി.എൻ.ആർ.ഇ.ജി.എസ് വരവ് തുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ചെലവ് തുക സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | ചെലവ് തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-9 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ ചെലവും സുലേഖ ചെലവ് പത്രികയിലെ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-12 |
| 14 | ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സുക്ഷിച്ചിട്ടില്ല. | 1-1-13 |

| | | |
|---|---|---|
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | മാലിന്യ സംസ്ക്കരണം ഹരിത കർമ്മ സേനയിലൂടെ - അവലോകനം | 1-10 |
| 24 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക | 1-11 |
| 25 | തൊഴിൽ നികുതി - അപാകതകൾ | 1-12 |
| 26 | ലൈസൻസ് ഫീസ് - അപാകതകൾ | 1-13 |
| 27 | നെൽകൃഷി വികസനം - സാംഖ്യ ഡെലിവറി സ്റ്റാറ്റസ് റിപ്പോർട്ടിൽ അപാകത ₹20,463/-തടസ്സം | 1-14 |
| 28 | ലൈഫ് ഭവന പദ്ധതി- നിർമ്മാണം പൂർത്തീകരിച്ചില്ല | 1-15 |
| 29 | സമഗ്രശിക്ഷ കേരള – വിഹിതം നൽകൽ -കർമ്മപരിപാടി തയ്യാറാക്കുന്നില്ല. | 1-16 |
| 30 | വിജയഭേരി സ്കോളർഷിപ്പ് -ഡെലിവറി സ്റ്റാറ്റസ് അപാകതകൾ | 1-17 |
| 31 | ചികിത്സാ സഹായം - ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെ വിവരങ്ങളില്ല ₹9,500/- തടസ്സപ്പെടുത്തുന്നു. | 1-18 |
| 32 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയുന്ന പാലിന് ഇൻസെന്റീവ്- സംബന്ധിച്ച് | 1-19 |
| 33 | എബിസി പ്രോഗ്രാമിനു വേണ്ടി ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.1,04,545/- രൂപ തടസ്സം | 1-20 |

| | | |
|---|---|---|
| 34 | വൈദ്യുതി ലൈൻ വലിയ്ക്കൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല -145720/- രൂപ തടസ്സപ്പെടുത്തുന്നു. | 1-21 |
| 35 | റോഡ് കണക്ടിവിറ്റി മാപ്പിംഗ്-പൂർത്തീകരിച്ചിട്ടില്ല. | 1-22 |
| 36 | കറവപ്പശു വിതരണം - ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയില്ല-90,000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 37 | ഉരുക്കളെ ഇൻഷ്വർ ചെയ്ത രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്. | 1-24 |
| 38 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് വരവ് ചെയ്യേണ്ടതാണ്. | 1-25 |
| 39 | മുൻ വർഷങ്ങളിൽ നൽകിയ മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല. | 1-26 |
| 40 | ഇലക്ഷൻ നിക്ഷേപം തനത് ഫണ്ടിലേക്ക് വരവ് വെയ്ക്കേണ്ടതാണ്. | 1-27 |
| 41 | മുൻ വർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. | 1-28 |
| 42 | സാമൂഹ്യ സുരക്ഷാ പെൻഷൻ - അനർഹമായ കാലയളവിലെ തുകകൾ | 1-29 |
| 43 | കോക്ളിയർ ഇംപ്ളാന്റേഷൻ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-35,160/- രൂപയുടെ തടസ്സം | 1-30 |
| 44 | മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു. | 1-31 |
| 45 | ഓണം അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 1-32 |
| 46 | പൊതുടോയ്ലെറ്റുകൾ (ടേക്ക് എ ബ്രേക്ക് )-ഉപയോഗപ്രദമാക്കിയിട്ടില്ല. | 1-33 |
| 47 | ജലജീവൻ പദ്ധതി ആരക്കുന്നം ടാങ്കിന് സ്ഥലം വാങ്ങൽ-രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-34 |
| 48 | പദ്ധതി ആസൂത്രണം മോണിട്ടറിങ്ങ്-ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-35 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13.06.2024-ലെ 3(1)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 19.06.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **എടയ്ക്കാട്ടുവയൽ** ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2024** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു.

എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **എടയ്ക്കാട്ടുവയൽ** ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : എറണാകുളം

തീയതി: .11.2024

ഡെപ്യൂട്ടി ഡയറക്ടർ

**<u>1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.</u>**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62(എഫ്) പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ്, നോട്സ് ഓൺ അക്കൗണ്ട്സ് എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയില്ല. ആയതിനാൽ നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ സെക്രട്ടറി സ്വമേധയാ വെളിപ്പെടുത്തേണ്ട വിവരങ്ങൾ വെളിപ്പെടുത്തുന്നതിനും വിവിധങ്ങളായ ധനകാര്യ അനുപാതങ്ങൾ വിശകലനം ചെയ്യുന്നതിനും സാധിച്ചിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത**

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോ ഓപ്പറേറ്റിംഗ്, ഇൻവെസ്റ്റിംഗ്, ഫിനാൻസിംഗ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് (-) 9,18,975/- രൂപയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40b-40a) 1,39,62,341/- രൂപയുമാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-3 സംരക്ഷണ ഗ്രാന്റിൽ നിന്നും മൂലധന ചെലവുകൾ രേഖപ്പെടുത്തി**

സംരക്ഷണ ഗ്രാന്റ് വിനിയോഗിക്കേണ്ടത് സംരക്ഷണ പ്രവൃത്തികൾക്കാണ്. സംരക്ഷണ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്ന തുകകൾ റവന്യൂ ചെലവായാണ് വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തേണ്ടത്. എന്നാൽ സംരക്ഷണ ഗ്രാന്റിൽ (നോൺ റോഡ്) നിന്ന് ഓഡിറ്റ് വർഷത്തിൽ ₹13,44,063/- മൂലധന ചെലവായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-1-4 ഐ.സി.ഡി.എസ്. വരവ് തുക റസീപ്റ്റ് & പേമെന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.**

ഐ.സി.ഡി.എസ്. വരവ് തുക 501510/- രൂപ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേമെന്റ് RP(30) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-5 ലൈഫ് സ്റ്റേറ്റ് ഷെയർ വരവ് -ചെലവു തുകകൾ വാർഷിക ധനകാര്യപത്രികയുമായി പോരുത്തപ്പെടുന്നില്ല.**

ലൈഫ് സ്റ്റേറ്റ് ഷെയർ വരവ് 11243779/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേമെന്റ് RP(30) ഷെഡ്യൂളിൽ 99,00,000/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസം 13,43,779/- രൂപ. ചെലവ് തുക 43,82,785/- രൂപയാണ് എന്നാൽ I-6 ഷെഡ്യൂൾ പ്രകാരം ചെലവ് 43,80,000/- രൂപയാണ്. വ്യത്യാസം 2,785/- രൂപ.

**1-1-6 സ്പെസിഫിക് പർപ്പസ് ഗ്രാന്റിനത്തിലെ വരവ് തുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ്(അദർ പർപ്പസ്-320200399) വരവ് 2785/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേമെന്റ് RP(30) ഷെഡ്യൂളിൽ 79/- രൂപ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു.

**1-1-7 എം.ജി.എൻ.ആർ.ഇ.ജി.എസ് വരവ് തുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണചെലവുകൾക്കുള്ള വരവ് തുക 4,27,553/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേമെന്റ് RP(30) ഷെഡ്യൂളിൽ 4,26,883/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

**1-1-8 ചെലവ് തുക സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.**

ഹെഡ്മിസ്ട്രസ്സ് നിർവഹണം നടത്തിയ ഹരിത സ്കൂൾ- സ്റ്റീൽ ഗ്ലാസ് പ്ലേറ്റ്സ് പർച്ചേസ് ഫോർ യു.പി.എസ്. , വെളിയനാട് (പ്രോജക്ട് നം. 284/24 ) എന്ന പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ (ജനറൽ) നിന്നും 18,625/- ചെലവഴിച്ചിട്ടുണ്ട്(ബിൽ നമ്പർ -235/22.12.23). എന്നാൽ ഈ തുക സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-9 ചെലവ് തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല**

സംയുക്ത പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ പ്രോജക്ട് നം. 247/24-ചിൽഡ്രൻസ് പാർക്ക് നവീകരണം എന്ന പ്രോജക്ട് പ്രകാരം 2023-2024ൽ 2,02,297/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 58200/-രൂപ മാത്രമേ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. 1,44,097/-രൂപയുടെ ചെലവ് ഉൾപ്പെടുത്തിയില്ല.

**1-1-10 വാർഷിക ധനകാര്യ പത്രികയിലെ ചെലവും സുലേഖ ചെലവ് പത്രികയിലെ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

| ഫണ്ട്/ഗ്രാന്റ് | വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് (₹) | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് (₹) | വ്യത്യാസം (₹) |
|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 31,53,784 | 31,34,784 | 19,000/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് & അൺടൈഡ്) | 19,96,344 | 20,04,218 | 7,874/- |

**1-1-11 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.**

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. 2023-24 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ, പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ

പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ്. വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

**1-1-12 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.**

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

**1-1-13 ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സുക്ഷിച്ചിട്ടില്ല.**

ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സുക്ഷിക്കാത്തതിനാൽ തനത് ഫണ്ടിൽ വരവുള്ളതും വൗച്ചറുകൾ പ്രകാരം റീഫണ്ട് നൽകിയിട്ടുള്ളതുമായ ഡെപ്പോസിറ്റുകളുടെ വിവരവും ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യതയും ഓഡിറ്റിൽ പരിശോധിക്കാനായില്ല.

**1-2 ബജറ്റ്**

എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 25.03.2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി 31.01.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹7248183 | ₹267696 |
| വരവ് | ₹289630998 | ₹285756353 |
| ആകെ | ₹296879181 | ₹286024049 |
| ചെലവ് | ₹293924100 | ₹284311987 |

| | | |
|---|---|---|
| നീക്കിയിരുപ്പ് | ₹2955081 | ₹1712062 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹69,55,783/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹7,29,02,294/- |
| ആകെ | ₹7,98,58,077/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹5,89,39,953/- |
| നീക്കിയിരിപ്പ് | ₹2,09,18,124/- |

ഈ ഖണ്ഡികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റും വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് പ്രകാരം വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) | ചെലവഴിക്കാതെ ലാപ്സായ തുക(₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12807000 | 12807000 | 9016039 | 0 | 3790961 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4196000 | 4196000 | 3153784 | 0 | 1042216 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 110000 | 110000 | 52908 | 0 | 57092 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 14390650 | 14390650 | 11936854 | 0 | 2453796 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5028000 | 5028000 | 4383174 | 0 | 644826 |
| ധനകാര്യ കമ്മീഷൻ അവാർഡ്(അൺ ടൈഡ്) | 95098 | 2140693 | 2235791 | 395863 | 1839928 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | 381999 | 1590500 | 1972499 | 1600481 | 372018 | 0 |
| ഐ.സി.ഡി.എസ്. 320100196 | 1555637 | 501510 | 2057147 | 304244 | 1752903 | 0 |
| സ്വച്ച് ഭാരത് അഭിയാൻ 320100174 | 0 | 1690434 | 1690434 | 1690434 | 0 | 0 |
| നാഷണൽ പ്രോഗ്രാം ഫോർ പേഴ്സൺ വിത്ത് ഡിസ്എബിലിറ്റീസ് 320100145 | 181401 | 0 | 181401 | 181401 | 0 | 0 |
| ഹെൽത്ത് ഗ്രാന്റ് 320100202 | 67413 | 774304 | 841717 | 489218 | 352499 | 0 |
| ഹെൽത്ത് ഗ്രാന്റ് 320100204 | 5004 | 333545 | 338549 | 278194 | 60355 | 0 |
| അദർ സ്കീം 320100152 | 0 | 100000 | 100000 | 0 | 100000 | 0 |
| കോൺട്രിബ്യൂഷൻ ഫോർ അദർ സ്പെസിഫിക് പർപ്പസ് (ബ്ലോക്ക് പഞ്ചായത്ത്) 320700304 | 0 | 144097 | 144097 | 0 | 144097 | 0 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് 320500101 | 0 | 578000 | 578000 | 0 | 578000 | 0 |
| ശുചിത്വ മിഷൻ 320100198 | 0 | 5000 | 5000 | 5000 | 0 | 0 |
| ട്രാൻസ്ഫേഡ് ഇൻസ്റ്റിറ്റ്യൂഷൻ ഫണ്ട് (ഹോമിയോപ്പതി) 320200208 | 0 | 500000 | 500000 | 0 | 500000 | 0 |
| ട്രാൻസ്ഫേഡ് ഇൻസ്റ്റിറ്റ്യൂഷൻ ഫണ്ട് | 0 | 1250000 | 1250000 | 0 | 1250000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| (സാമൂഹ്യനീതി) 320200205 | | | | | | |
| ട്രാൻസ്ഫേഡ്ഇൻസ്റ്റിറ്റ്യൂഷൻ ഫണ്ട് (സാമൂഹ്യനീതി) 320200204 | 29832 | 0 | 29832 | 0 | 29832 | 0 |
| ട്രാൻസ്ഫേഡ് ഇൻസ്റ്റിറ്റ്യൂഷൻ ഫണ്ട് (മൃഗസംരക്ഷണം) 320200202 | 0 | 4060000 | 4060000 | 1509359 | 2550641 | 0 |
| നിർമ്മൽ പുരസ്കാരം 320100191 | 5701 | 0 | 5701 | 5701 | 0 | 0 |
| ലൈഫ് സ്റ്റേറ്റ് ഷെയർ 320100160 | 2706 | 11243779 | 11246485 | 4382785 | 6863700 | 0 |
| കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ് (ക്യാപിറ്റൽ) 320800199 | 399846 | 0 | 399846 | 0 | 399846 | 0 |
| കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ്- (അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ്) 320400199 | 1352017 | 0 | 1352017 | 0 | 1352017 | 0 |
| കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ് (ക്രിമിറ്റേറിയം ഫണ്ട്) 320200301 | 1086 | 0 | 1086 | 1086 | 0 | 0 |
| കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ് (എം.പി യുടെ പ്രാദേശിക വികസന ഫണ്ട്) 320200306 | 60 | 0 | 60 | 0 | 60 | 0 |

| | | | | | | |
|---|---|---|---|---|---|---|
| കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ് (മറ്റ് ഗവ.ഏജൻസികൾ) 320300199 | 19091 | 571298 | 590389 | 539351 | 51038 | 0 |
| കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ് (അദർ പർപ്പസ്) 320200399 | 1343700 | 2785 | 1346485 | 1343700 | 2785 | 0 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 320200304 | 31582 | 0 | 31582 | 31582 | 0 | 0 |
| വിമുക്തി 320100190 | 0 | 19091 | 19091 | 0 | 19091 | 0 |
| കേരളോൽസവം 320100199 | 9020 | 0 | 9020 | 9020 | 0 | 0 |
| ദുരിതാശ്വാസ നിധി 311100101 | 51372 | 56777 | 108149 | 64514 | 43635 | 0 |

<u>കുറിപ്പ്</u>.

1) വികസനഫണ്ട് -ജനറൽ 2118493/- രൂപയുടെ ജി.ഒ പ്രോജക്ട് കൂടി ഉൾപ്പെട്ട തുകയാണ്.
2) വികസനഫണ്ട് -ജനറലിൽ 113072/- രൂപ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.
3) വികസനഫണ്ട്- എസ്.സി.പിയിൽ 1094532/- രൂപയുടെ ജി.ഒ പ്രോജക്ട് കൂടി ഉൾപ്പെട്ട തുകയാണ്.
4) ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) ൽ 395863/- രൂപ ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.
5) ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) ൽ 358444/- രൂപ ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.
6) സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) ൽ 1344063/- രൂപ ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.
7) ഐ.സി.ഡി.എസ്. വരവ് തുക 501510/- രൂപ RP(30) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
8) ലൈഫ് സ്റ്റേറ്റ് ഷെയർ വരവ് 11243779/- രൂപയാണ്. എന്നാൽ RP(30) ഷെഡ്യൂളിൽ 99,00,000/-

രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.
9) കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ്(അദർ പർപ്പസ്-320200399) വരവ് 2785/- രൂപയാണ്. എന്നാൽ RP(30) ഷെഡ്യൂളിൽ 79/- രൂപ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 220 | 156963930 | 78 | 71992448 | 65 | 77 | 35.45% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 427553 | 427553 | 427553 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 19635447 | 19635447 | 19635447 | 0 |
| ആകെ | 0 | 20063000 | 20063000 | 20063000 | 0 |

ഭരണചെലവുകൾക്കുള്ള വരവ് തുക 4,27,553/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേമെന്റ് RP(30) ഷെഡ്യൂളിൽ 4,26,883/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്രമ നമ്പർ | പെൻഷൻ ഇനം | ചെലവ് തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 5699400 | 476 |
| 2 | വിധവാ പെൻഷൻ | 5515600 | 534 |
| 3 | വാർധക്യകാല പെൻഷൻ | 19214200 | 1902 |
| 4 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 2029600 | 180 |
| 5 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 547200 | 49 |
| 6 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |

**1-8 ക്യാഷ് ബാലൻസ് പരിശോധന**

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.2024 തീയതിയിൽ 2.30 പി.എം-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2,372/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കാര്യക്ഷമമാക്കേണ്ടതാണ്.

1) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ്

ഗ്രൂപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിംഗ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതും മോണിട്ടറിംഗ് റിപ്പോർട്ട് പ്രൊജക്ട് ഫയലിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

2) നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറുന്നുണ്ടെങ്കിലും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി നിരീക്ഷിക്കുകയോ കൈമാറിയ തുക ക്രമീകരിക്കുയോ ചെയ്യുന്നില്ല. നിർവ്വഹണ ഏജൻസികൾ മുഖേന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും ഫലപ്രദമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

3) ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

4) അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് എന്ന ഹെഡിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ട മുൻകൂർ തുക വർഷങ്ങളായി അവശേഷിക്കുന്നതാണ്. ആയത് ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

5) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ലഭിച്ചത് വിനിയോഗിക്കുകയോ, തിരിച്ചടയ്ക്കുകയോ ചെയ്യാതെ അവശേഷിക്കുന്നതിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

## 1-10 മാലിന്യ സംസ്ക്കരണം ഹരിത കർമ്മ സേനയിലൂടെ - അവലോകനം

ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്ക്കരണം ഹരിത കർമ്മസേനയിലൂടെയാണ് നടപ്പാക്കുന്നത്. ഹരിത കർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

എറണാകുളം ജില്ലയിൽ മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്തിലുൾപ്പെട്ട എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന് 18.62 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണുള്ളത്. 14 വാർഡുകളുള്ള പഞ്ചായത്തിലെ ജനസംഖ്യ 18687 ആണ്. ആൾതാമസമുള്ള 4848 വീടുകളും 368 സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. 14 വാർഡുകളിലായി ആകെ 22 ഹരിത കർമ്മ സേനാംഗങ്ങൾ അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്.

<u>മാലിന്യ ശേഖരണ കാര്യക്ഷമത</u>

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവ മാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

<u>(RRF)റിസോഴ്സ് റിക്കവറി ഫെസിലിറ്റി /(MCF)മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ അടിസ്ഥാന വിവരങ്ങൾ</u>



(ചിത്രം – 1) എംസിഎഫ് ന്റെ ദൃശ്യം ചേർക്കുന്നു, ഹരിതകർമ്മസേനാംഗങ്ങളെയും കാണാം



(ചിത്രം – 2) എംസിഎഫ് പിന്നിൽ നിന്നുള്ള ദൃശ്യം



(ചിത്രം – 3) എംസിഎഫ്നു മുന്നിലുള്ള ടോയ്ലെറ്റ് പരിസരത്ത് മാലിന്യം അലക്ഷ്യമായി ഇട്ടിരിക്കുന്നു.

<u>റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)</u>

നിലവിൽ RRF ഇല്ല.

<u>കമ്മ്യൂണിറ്റി എൻഗേജ്മെന്റ്</u>

സി.ഡി.എസ്., കുടുംബശ്രീ എന്നീ കൂട്ടായ്മകളിലൂടെ മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

<u>തൊഴിൽ സൃഷ്ടിക്കൽ</u>

2023-24 വർഷത്തെ വാർഷിക തൊഴിൽ ദിനങ്ങൾ 4600 ആണ്. യൂസർ ഫീ ഇനത്തിൽ ₹25,00,000/-വരവ്

വന്നിട്ടുണ്ട്. ഓരോ അംഗവും കളക്ട് ചെയ്യുന്ന യൂസർ ഫീയുടെ 90% ആണ് വേതനമിനത്തിൽ നൽകുന്നത്. പഞ്ചായത്തിലെ 22 ഹരിതകർമ്മസേനാംഗങ്ങൾക്ക് ശരാശരി ₹8,000/- മുതൽ ₹10,000/- വരെ പ്രതിമാസം വരുമാനമായി ലഭിക്കുന്നുണ്ട്. വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല. വ്യാപാരി വ്യവസായി ഏകോപന സമിതി യോഗങ്ങളിലും എ.ഡി.എസ്., സി.ഡി.എസ്. യോഗങ്ങളിൽ നിർദേശം നൽകൽ എന്നിവയല്ലാതെ ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ളതിനായി മറ്റ് പ്രവർത്തനങ്ങളൊന്നും ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല.

### അടിസ്ഥാന സൗകര്യവികസനം

എല്ലാ വാർഡുകളിലും മിനി എംസിഎഫ്കളുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിന് നിലവിൽ സ്വന്തമായി വാഹനം ഉണ്ട് നമ്പർ KL39T1238. എങ്കിലും ഒരു വാഹനം കൂടി ഉണ്ടെങ്കിൽ മാത്രമേ സമയബന്ധിതമായി മാലിന്യം നീക്കം ചെയ്യുന്നതിന് സാധിക്കുകയുള്ളൂ. വാഹനം വാങ്ങുന്നതിനും ഡ്രൈവിംഗ് പരിശീലനത്തിനും കൺവെയർ ബൽറ്റ് സ്ഥാപിക്കുന്നതിനും പ്രൊജക്ട് വച്ചിട്ടുണ്ട്.

### പാരിസ്ഥിതിക ആഘാതം

പൊതുനിരത്തുകളിലും പാതയോരങ്ങളിലും മാലിന്യം തള്ളുന്നവരിൽ നിന്ന് ഫൈൻ ഈടാക്കുന്നുണ്ട്.

### പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രായോഗിക തലത്തിൽ മാലിന്യം തരംതിരിക്കൽ, സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പരിമിതികൾ ഹരിതകർമ്മസേനയുടെ പ്രവർത്തനത്തെയും ബാധിക്കുന്നുണ്ട്.

### ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാ മാസവും അവലോകന യോഗം നടത്താറുണ്ട്. മാനസിക സമ്മർദ്ദം കുറയ്ക്കാൻ പരിശീലനം നൽകുന്നുണ്ട്. മൂന്നു മാസത്തിലൊരിക്കൽ പൊതുമീറ്റിംഗ്, കൺസോർഷ്യം മീറ്റിംഗ് എന്നിവ നടത്തി വരുന്നുണ്ട്. ക്യു

ആർ കോഡ് പതിപ്പിക്കൽ 100 % പൂർത്തിയായിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഹരിതമിത്രം എന്റോൾമെന്റ് 100%, സബ്സ്ക്രിപ്ഷൻ 95%, സർവീസ് 81% എന്നിങ്ങനെ ആണ്.

1. <u>നേട്ടങ്ങൾ/പുരസ്കാരങ്ങൾ</u>

മികച്ച പ്രവർത്തനത്തിന് എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയ്ക്ക് ജില്ലയിൽ രണ്ടാം സ്ഥാനം ലഭിച്ചിട്ടുണ്ട്.

2. <u>മാലിന്യ കൈമാറ്റ കാര്യക്ഷമത</u>

എല്ലാ മാസവും 10 – 15 തീയതികളിൽ വാർഡ് തലത്തിൽ മാലിന്യശേഖരണം നടത്തിവരുന്നു. പൊതു മീറ്റിംഗിൽ മാലിന്യം വേർതിരിക്കുന്നത് സംബന്ധിച്ചും നിലവിലെ പ്രവർത്തനങ്ങളുടെ പോരായ്മകൾ സംബന്ധിച്ചും ചർച്ച ചെയ്യുകയും പുതിയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

3. <u>മാലിന്യ സംഭരണ ശേഷി</u>

മാലിന്യം സംഭരിക്കുന്നതിനുള്ള നിലവിലെ എം. സി. എഫ്. ന് ഏകദേശം 2233 ചതുരശ്ര അടി വിസ്തൃതിയുണ്ട്. പരമാവധി 15 ദിവസം വരെ മാലിന്യം സംഭരിച്ച് സൂക്ഷിക്കാൻ സാധിക്കുന്നുണ്ട്.

4. <u>മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, മാസ്ക്, ഹാൻഡ് സാനിറ്റൈസർ, ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

5. <u>ശുചിത്വമാനദണ്ഡങ്ങൾ</u>

എം. സി. എഫ്. പരിസരത്ത് മാലിന്യം തരംതിരിക്കുന്ന ദിവസങ്ങളിൽ ശുചീകരണം നടത്താറുണ്ട്.

6. <u>യഥാസമയം മാലിന്യം കൈയ്യൊഴിയൽ</u>

ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെടുകയും മാലിന്യം കൈമാറുകയും ചെയ്യുന്നുണ്ട്. മാസത്തിലൊരിക്കൽ എം.സി.എഫിൽ നിന്ന് മാലിന്യം കൈമാറുന്നു.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ:</u>**

1. സർക്കാർ മാനദണ്ഡം പ്രകാരമുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) എത്രയും വേഗം യാഥാർത്ഥ്യമാക്കുക.
2. സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുക.
3. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുക.
4. ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാന വർദ്ധനവിന് സ്ക്രാപ്പ്, പഴയ ന്യൂസ്പേപ്പർ എന്നിവ കൂടി ശേഖരിച്ച് വിൽപന നടത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
5. തുണിസഞ്ചി നിർമ്മാണം പ്രോത്സാഹിപ്പിച്ച് പ്ലാസ്റ്റിക് ക്യാരി ബാഗിന്റെ ഉപയോഗം കുറയ്ക്കുക.
6. എം.സി.എഫ്. പരിസരത്ത് അലക്ഷ്യമായി ഇട്ടിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുക. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിലെ മേൽനോട്ടം കൃത്യമായ ഇടവേളകളിൽ കാര്യക്ഷമമായി തുടരേണ്ടതാണ്.
7. ഗ്രാമപഞ്ചായത്തിലുടനീളം ബയോബിൻ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും, വ്യാപിപ്പിക്കുന്നതിനും ഹരിത കർമ്മസേനാംഗങ്ങളുടെ പ്രവർത്തനം പ്രയോജനപ്പെടുത്താവുന്നതാണ്.

**<u>1-11 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക</u>**

2023-24 സാമ്പത്തിക വർഷത്തിൽ മൊബൈൽ ടവർ വസ്തു നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ മൊബൈൽ ടവർ വസ്തു നികുതി അടവാക്കുന്നതിൽ കുടിശ്ശിക വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മൊബൈൽ ടവറിന്റെ പേര് | വാർഡ്/ കെട്ടിട നമ്പർ | കുടിശ്ശിക വരുത്തിയ കാലയളവ് | ഈടാക്കേണ്ട കുടിശ്ശിക തുക |
|---|---|---|---|---|
| 1. | ജനറൽ മാനേജർ, ബിഎസ്എൻഎൽ | 3/535/A | 2011-12 (ഒന്നാം അർദ്ധ വർഷം) - | ₹1,24,328/- |

| | | | | |
|---|---|---|---|---|
| | | | 2023-24 (രണ്ടാം അർദ്ധ വർഷം) | |
| 2. | ജനറൽ മാനേജർ, ബിഎസ്എൻഎൽ | 5/407/A | 2011-12 (ഒന്നാം അർദ്ധ വർഷം) - 2023-24 (രണ്ടാം അർദ്ധ വർഷം) | ₹1,24,328/- |
| 3. | ജനറൽ മാനേജർ, ബിഎസ്എൻഎൽ | 10/281/A | 2011-12 (ഒന്നാം അർദ്ധ വർഷം) - 2023-24 (രണ്ടാം അർദ്ധ വർഷം) | ₹1,24,328/- |
| ആകെ | | | | ₹3,72,984/- |

വസ്തു നികുതി കുടിശ്ശികയായതിന് കാരണവും, നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ/കേസ് ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും തുടർനടപടി വിവരങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 4/06.11.24), മേൽ സൂചിപ്പിച്ചവരുടെ വസ്തു നികുതി ഈടാക്കുന്നതിനായി സ്വീകരിച്ച റവന്യു റിക്കവറിയുടെ നോട്ടീസിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കെട്ടിട നമ്പർ : 3/535/A - ആർ ആർ നോട്ടീസ് നം : 2024/9705/07 തീയതി 31/03/2024

കെട്ടിട നമ്പർ : 5/407/A - ആർ ആർ നോട്ടീസ് നം : 2024/9761/07 തീയതി 31/03/2024

കെട്ടിട നമ്പർ : 10/281/A - ആർ ആർ നോട്ടീസ് നം : 2024/9766/07 തീയതി 31/03/2024

തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി - അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1) എ(I), (Ii) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ജീവനക്കാരുടെ അടിസ്ഥാന ശമ്പളം രേഖപ്പെടുത്താതെ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നു.

| | |
|---|---|
| 1. | എച്ച് ഡി എഫ് സി ബാങ്ക്, വെളിയനാട് |
| 2. | വിന്നേഴ്സ് നാപ്കിൻ യൂണിറ്റ് |

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3, തീ. 06/11/2024) വിന്നേഴ്സ് നാപ്കിൻ യൂണിറ്റ് എന്ന സ്ഥാപനത്തിലെ ജീവനക്കാർക്ക് വളരെ കുറഞ്ഞ വേതനമാണ് ലഭിച്ചിട്ടുള്ളതെന്നും ആയതിനാലാണ് ഏറ്റവും കുറഞ്ഞ നികുതി ഈടാക്കിയതെന്നുമുള്ള മറുപടി അംഗീകരിക്കുന്നു.

2. ഗ്രാമപഞ്ചായത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം താഴെ ചേർക്കുന്ന കരാറുകാരുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഇവരിൽ നിന്ന് 2023-24 കാലയളവിൽ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പേര് |
|---|---|
| 1 | ശ്രീ. റോഷിൻ കെ. തോമസ് |
| 2 | ശ്രീ. അബി അബ്രഹാം |
| 3 | ശ്രീ. അഖിൽ വേണു |
| 4 | ശ്രീ. രഞ്ജിത് എ. ആർ |
| 5 | ശ്രീ. വി.പി. തങ്കച്ചൻ |
| 6 | ശ്രീ.ജിനേഷ് ജേക്കബ് |
| 7 | ശ്രീ. അജി പോൾ |
| 8 | ശ്രീ. അലി പി.പി. |
| 9 | ശ്രീ. രഞ്ജു കെ. കെ |
| 10 | ശ്രീ. വിനോദ് കുമാർ എം. ബി |
| 11 | ശ്രീ. ഫൈസൽ ഒ. എ |

| | |
|---|---|
| 12 | ശ്രീ. ഡിൻസ് ജോയ് |
| 13 | ശ്രീ. തോമസ് ജോയ് |
| 14 | ശ്രീ. ഹരീഷ് എ.എ. |
| 15 | ശ്രീ. കുറിയാക്കോസ് മാത്യു |
| 16 | ശ്രീ. തങ്കച്ചൻ വി. പി. |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.27,തീ.11.11.2024). മേൽ പരാമർശിച്ചിരിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതമായാണോ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നതെന്ന് പരിശോധിച്ച്, മേൽപ്പറഞ്ഞ ജീവനക്കാരുടെ/കരാറുകാരുടെ തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-13 ലൈസൻസ് ഫീസ് - അപാകതകൾ**

2023-24 സാമ്പത്തിക വർഷത്തിലെ ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
1. ലൈസൻസ് അപേക്ഷകളിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. നിരവധി അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ മൂലധന നിക്ഷേപം പരിശോധിച്ച് റിപ്പോർട്ട് ചെയ്ത് അതനുസരിച്ച് ലൈസൻസ് ഫീ ഈടാക്കുകയോ ചെയ്യുന്നില്ല.
2. പഞ്ചായത്തിലെ 14 വാർഡുകളിലെയും ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/11.11.2024) ലഭിച്ച മറുപടിയിൽ ഇനി വരുന്ന അപേക്ഷകളിൽ മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് മാത്രമേ ഫീ ഈടാക്കുകയുള്ളു എന്ന് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വ്യാപാര/വ്യവസായ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ആയതു

പ്രകാരം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നും ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. കൂടാതെ പുതിയ സംരംഭങ്ങൾ പഞ്ചായത്തിൽ ആരംഭിക്കുമ്പോൾ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-14 നെൽകൃഷി വികസനം - സാംഖ്യ ഡെലിവറി സ്റ്റാറ്റസ് റിപ്പോർട്ടിൽ അപാകത ₹20,463/- തടസ്സം

കൃഷി ഓഫീസർ നടപ്പിലാക്കിയ നെൽകൃഷി വികസനം എന്ന പ്രൊജക്ടിനായി താഴെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. നെൽക്കൃഷിക്ക് കൂലിച്ചെലവിനത്തിൽ സബ്സിഡി നൽകി കർഷകരെ സഹായിക്കുന്നതിനായാണ് പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുള്ളത്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 73/24 |
| പ്രൊജക്ടിന്റെ പേര് | നെൽകൃഷി വികസനം |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ<br>ആകെ ₹14,12,000/- | ₹ 9,00,000/- വികസന ഫണ്ട് പൊതു വിഭാഗം<br>₹ 5,12,000/- ജില്ലാ പഞ്ചായത്ത് |
| ചെലവ്, ബിൽ നം., തീയതി, തുക<br>ആകെ ₹ 5,12,000/- | ജില്ലാ പഞ്ചായത്ത്<br>389/19.03.24 – ₹ 3,01,834/-<br>390/19.03.24-₹ 2,10,166/- |

എന്നാൽ ബന്ധപ്പെട്ട ട്രഷറി ബില്ലുകളുടെ സാംഖ്യ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ ആനുകൂല്യതുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ലഭ്യമായത് സംബന്ധിച്ച പേര് വിവരങ്ങൾ ഇല്ലാതെയാണ് ചിലതിൽ തുക ക്രഡിറ്റ് ആയിട്ടുള്ളത് എന്ന് കാണുന്നു. ഡെലിവറി സ്റ്റാറ്റസ് പ്രകാരം ലഭ്യമായ വിവരങ്ങൾ (പേരില്ലാത്തവ) ചേർക്കുന്നു.

A) ബിൽ കൺട്രോൾ കോഡ് - 23110652009101401524 (389/19.03.24 – ₹3,01,834/-)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | IFSC കോഡ് | അക്കൗണ്ട് നം. | ഡെലിവറി സ്റ്റാറ്റസ് | തുക | മറുപടി പ്രകാരം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ലഭ്യമാക്കിയ പേര്/ തുക₹ |
| 1 | സ്റ്റാറ്റസ് റിപ്പോർട്ടിൽ പേര് ഇല്ല | SBIN0004548 | 57042037983 | Delivered | ഡെലിവറി സ്റ്റാറ്റസ് പ്രകാരം തുക എത്ര എന്ന വിവരം ലഭ്യമല്ല | ബാബു ടി.കെ 4270/- |
| 2 | സ്റ്റാറ്റസ് റിപ്പോർട്ടിൽ പേര് ഇല്ല | BARB0VJKAIP | 62580100001459 | Delivered | ” | രാജേന്ദ്രൻ പി.റ്റി. 1717/- |
| 3 | സ്റ്റാറ്റസ് റിപ്പോർട്ടിൽ പേര് ഇല്ല | UBIN0567043 | 670402010003807 | Delivered | ” | ചാക്കോ ഇ.വി. 743/- |
| 4 | സ്റ്റാറ്റസ് റിപ്പോർട്ടിൽ പേര് ഇല്ല | CNRB0000703 | 0903101058701 | Return To Government Account | ” | മത്തായി കെ.കെ.2283/- A/C No.0703101012360 അക്കൗണ്ട് നമ്പർ വ്യത്യാസമുള്ളതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. |
| 5 | സ്റ്റാറ്റസ് റിപ്പോർട്ടിൽ പേര് ഇല്ല | FDRL0001321 | 13210100048693 | Delivered | ” | മിനി സാബു 743/- |
| | | | | | ആകെ | 9756/- |

ക്രമ നമ്പർ 4 ൽ തുക ഗവൺമെന്റ് അക്കൗണ്ടിലേക്ക് തിരികെ പോയതായി സ്റ്റാറ്റസ് കാണിക്കുന്നു.

I. ട്രഷറിയിൽ ബിൽ പാസ്സാക്കുകയും പേര്, ഐ.എഫ്.എസ്.സി., അക്കൗണ്ട് നമ്പർ എന്നിവയിലെ തെറ്റ് കാരണം തുക ലഭിക്കാതിരിക്കുകയും ചെയ്താൽ തിരുത്തുന്നതിനുള്ള സ്ക്രീൻ സാംഖ്യ വെബ്ബിൽ ലഭ്യമാണ്. നിർവ്വഹണോദ്യോഗസ്ഥൻ, ട്രഷറി ബില്ലുകളുടെ സാംഖ്യ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ച് എല്ലാ ഗുണഭോക്താക്കൾക്കും തുക ലഭ്യമായി എന്ന് ഉറപ്പുവരുത്തിയിരുന്നില്ല എന്ന് വ്യക്തമായിരിക്കുകയാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/06.11.2024) ലഭ്യമാക്കിയ മറുപടി പരിഗണിച്ചുകൊണ്ടാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

മറുപടിയിൽ അറിയിച്ചിരിക്കുന്നത് ശ്രീ. മത്തായി കെ.കെ. എന്ന കർഷകന്റെ ആനുകൂല്യമാണ് IFSC കോഡ് വ്യത്യാസം വന്നതിനാൽ ക്രെഡിറ്റ് ആകാതെ ഗവൺമെന്റ് അക്കൗണ്ടിലേക്ക് തിരികെ പോയിരിക്കുന്നത് എന്നാണ്. ടി തുക ₹2283/- വാർഷിക ധനകാര്യപത്രികയിൽ കൃത്യത വരുത്തുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുക ക്രമീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

B) ബിൽ കൺട്രോൾ കോഡ് 23110652009101401546 (390/19.03.24 – ₹2,10,166/-)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | IFSC കോഡ് | അക്കൗണ്ട് നം. | ഡെലിവറി സ്റ്റാറ്റസ് | തുക | മറുപടി പ്രകാരം ലഭ്യമാക്കിയ പേര്/ തുക |
|---|---|---|---|---|---|---|
| 1 | സ്റ്റാറ്റസ് റിപ്പോർട്ടിൽ പേര് ഇല്ല | SBIN0070334 | 67056067928 | Delivered | ഡെലിവറി സ്റ്റാറ്റസ് പ്രകാരം തുക എത്ര എന്ന വിവരം ലഭ്യമല്ല | ബിജു ജോർജ്ജ്/ 1058/- |
| 2 | ” | BARB0VJKAIP | 62580100001771 | ” | ” | കുര്യാക്കോസ് ജേക്കബ് / 1996/- |
| 3 | ” | CNRB0000703 | 0703101010775 | ” | ” | അജിത് ജോർജ്ജ്/2785/- |
| 4 | ” | BARB0VJKAIP | 62580100000312 | ” | ” | റെജി കെ.ആർ./1392/- |
| 5 | ” | CNRB0000703 | 0703101001146 | ” | ” | നാരായണൻ എം.എം./1838/- |
| 6 | ” | SBIN0070160 | 57025965470 | ” | ” | ജെയ്സൻ പുന്നൂസ്/673/- |
| 7 | ” | SBIN0009485 | 10295213665 | ” | ” | അജി തോമസ്/965/- |
| | | | | | ആകെ | 10,707/- |

I. മറുപടി പ്രകാരം ലഭ്യമാക്കിയ പേരു വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് മേൽ കർഷകരുടെ പാസ്ബുക്ക് കോപ്പികൾ ഹാജരാക്കേണ്ടതാണ്.

II. മേൽ പ്രൊജക്ടിന്റെ വികസന ഫണ്ട് പൊതു വിഭാഗം വിഹിതം ₹9,00,000/-, 2024-25 സാമ്പത്തികവർഷം ചെലവഴിച്ചിട്ടുണ്ടെങ്കിൽ ടി ബില്ലുകളിലും മേൽ അപാകതകൾ ആവർത്തിച്ചിട്ടുണ്ടോ എന്നതിന്റെ വിശദവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് ആയത് 2024-25 സാമ്പത്തികവർഷം ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

III. അക്കൗണ്ട് നമ്പർ തിരുത്തൽ വരുത്തേണ്ടി വരുന്ന സാഹചര്യങ്ങളിൽ ഇപ്രകാരം പേരുകൾ അപ്രത്യക്ഷമാകുന്നത് സോഫ്റ്റ് വെയറിന്റെ അപാകതയാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ആയത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

മേൽ കാണിച്ചിരിക്കുന്ന ഗുണഭോക്താക്കൾക്ക് തന്നെയാണ് ആനുകൂല്യം ലഭിച്ചത് എന്നതിന്റെ കൃത്യത ഉറപ്പാക്കാൻ ബന്ധപ്പെട്ട ബാങ്ക് രേഖകൾ ഹാജരാക്കുന്നതുവരെ ₹20,463 (9,756 + 10,707) തടസ്സപ്പെടുത്തുന്നു.

## 1-15 ലൈഫ് ഭവന പദ്ധതി- നിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊജക്ട് നം. | 42/24 |
| പ്രൊജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി - പട്ടികജാതി വിഭാഗം |
| അടങ്കൽ<br>ആകെ -₹ 2,59,94,600/- | ₹9,94,600/-(വികസന ഫണ്ട്-ജനറൽ)<br>₹50,00,000/-(സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>₹50,00,000/-( ബ്ലോക്ക് വിഹിതം)<br>₹50,00,000/-(ജില്ലാ പ. വിഹിതം)<br>₹1,00,00,000/-( മറ്റുള്ളവ) |
| ചെലവ്<br>ആകെ ₹87,15,176/- | ₹7,85,176/-(വികസന ഫണ്ട്-ജനറൽ)<br>₹5,80,000/-(സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>₹8,16,000/-( ബ്ലോക്ക് വിഹിതം)<br>₹6,80,000/-(ജില്ലാ പ. വിഹിതം)<br>₹58,54,000/-( മറ്റുള്ളവ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

മേൽ പ്രൊജക്ട് പ്രകാരം ഭവന നിർമ്മാണത്തിനായി തുക കൈപ്പറ്റിയ തിരുവാണ്ട ചോതി, കുഴിക്കാട്ടിൽ വീട്, കൈപ്പട്ടൂർ പി. ഒ., (വാർഡ് നം. 10) എന്ന ഗുണഭോക്താവ് (A/C N0. 6258010002262/BOB) ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

2022-23 സാമ്പത്തിക വർഷം എഗ്രിമെന്റ് പ്രകാരം ഒന്നാം ഗഡു ആയി 40,000/- രൂപ കൈപ്പറ്റുകയും തറ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷം രണ്ടാം ഘട്ടം നിർമ്മാണത്തിനായി കൈപ്പറ്റിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗഡു നം. | തുക | ബിൽ നം. , തീയതി |
|---|---|---|
| രണ്ടാം ഗഡു (വി.ഇ.ഒ വെളിയനാട്) | 1,20,000/- (Hudco) | 17/22.05.2023 |
| മൂന്നാം ഗഡു (വി.ഇ.ഒ എടയ്ക്കാട്ടുവയൽ) | 40,000/- ( DP) | 46/26.06.2023 |

തുക കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ കരാറിലെ ഏഴാം നമ്പർ വ്യവസ്ഥ പ്രകാരം 12% പലിശയോടെ ധനസഹായ തുക മുഴുവൻ (₹2,00,000/-) തിരിച്ചടച്ചിട്ടുണ്ടോ എന്ന വിവരം ഓഡിറ്റിനായി ലഭ്യമാക്കുവാൻ താല്പര്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/08.11.24) ലഭ്യമാക്കിയ മറുപടിയിൽ 10.07.2024 ൽ ഇതു സംബന്ധിച്ച് ഗുണഭോക്താവിന് കത്തു നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. സ്വന്തമായി വീടില്ലാത്തവരുടെ വീട് എന്ന ആവശ്യത്തിന് കൈതാങ്ങായ ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെങ്കിൽ/ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടെങ്കിൽ അതിന്റെ കാരണം നിർവ്വഹണോദ്യോഗസ്ഥനും, മോണിറ്ററിംഗ് സമിതിയും പരിശോധിച്ച് ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്. പ്രോജക്ടിന്റെ പൂർത്തീകരണം ഭവനനിർമ്മാണം എന്നതുതന്നെയാണ്. അതിനാൽ ഭവനനിർമ്മാണം

പൂർത്തിയാക്കാൻ കഴിയുന്ന സാഹചര്യമൊരുക്കി കൊടുക്കേണ്ടതാണ്. ഭവനനിർമ്മാണം പൂർത്തിയാക്കി മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

**1-16 സമഗ്രശിക്ഷ കേരള – വിഹിതം നൽകൽ -കർമ്മപരിപാടി തയ്യാറാക്കുന്നില്ല.**

**എ. സമഗ്രശിക്ഷ കേരള – വിഹിതം നൽകൽ പ്രോജക്ടിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.**

| | |
|---|---|
| പ്രോജക്ട് നം. | SO185/24 |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.കെ വിഹിതം നൽകൽ |
| അടങ്കൽ | ₹3,00,000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് ബിൽ.നം-തീയതി | ₹3,00,000/- 26/27.05.23 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.എസ്, വെളിയനാട് |

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തു വിഹിതമായ ₹3,00,000/- എസ്.എസ്.കെ. ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുടെ ഏതെല്ലാം ആവശ്യങ്ങൾക്കായി ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിശദമായ വിനിയോഗ വിവരം ഫയലിൽ ഇല്ലാതിരുന്നത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നൽകിയതിനെതുടർന്ന് വിനിയോഗ വിവരം ലഭ്യമാക്കി.

എന്നാൽ പദ്ധതിനിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ, തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കുന്നതിനായി പരാമർശിക്കുന്നു. മാർഗ്ഗരേഖ സ.ഉ.(കൈ)നം.84/22/തസ്വഭവ., തീ.19.01.2022 പ്രകാരം എസ്.എസ്.കെ.യ്ക്ക് സർക്കാർ നിശ്ചയിച്ച തുക നിർബന്ധമായും വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണപങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പ്രവർത്തനത്തിന്റെ

മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ. പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തതായ രേഖകളൊന്നും ലഭ്യമായിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക എസ്.എസ്.കെ-യ്ക്ക് കൈമാറിയിട്ടുള്ളത്. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്ക്കുളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ. ഡയറക്ടർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നുള്ള വിശദമായ വിനിയോഗ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

**ബി. ഹരിത സ്കൂൾ- സ്റ്റീൽ ഗ്ലാസ് പ്ലേറ്റ്സ് പർച്ചേസ് ഫോർ യു.പി.എസ്.**

| | |
|---|---|
| പ്രൊജക്ട് നം. | 284/24 |
| പ്രൊജക്ടിന്റെ പേര് | ഹരിത സ്കൂൾ- സ്റ്റീൽ ഗ്ലാസ്, പ്ലേറ്റ്സ് പർച്ചേസ് ഫോർ യു.പി.എസ്. വെളിയനാട് |
| അടങ്കൽ | സുലേഖ സ്റ്റേറ്റ്മെന്റിൽ പ്രൊജക്റ്റ് ഇല്ല |
| ചെലവ് ബിൽ.നം-തീയതി (ACR പ്രകാരം) | ₹18,625/- 235/22.12.23 (വികസന ഫണ്ട്-ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.എസ്, വെളിയനാട് |

മേൽ പ്രൊജക്ട് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ സ്റ്റീൽ പ്ലേറ്റ്, സ്റ്റീൽ ഗ്ലാസ്സ് എന്നിവയ്കായി ഇൻവോയ്സ് നമ്പർ 118/07.12.23 (കാർത്തിക്ക് മെറ്റൽസ്) പ്രകാരം ₹18,625/- ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട

അപാകതകൾ ഓഡിറ്റ് എൻകയറിയെ (നം. 7/06.11.24) തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥ പരിഹരിച്ചു.

ചട്ടപ്രകാരം പ്രൊജക്ട് അംഗീകരിക്കാതെയും ആയത് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താതെയും തുക ചെലവഴിച്ചതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 വിജയഭേരി സ്കോളർഷിപ്പ് -ഡെലിവറി സ്റ്റാറ്റസ് അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ വിജയഭേരി സ്കോളർഷിപ്പ് എന്ന പ്രൊജക്ടിനായി താഴെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 51/2023-24 |
| പ്രൊജക്ടിന്റെ പേര് | വിജയഭേരി സ്കോളർഷിപ്പ് - പട്ടികജാതി |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ<br>ആകെ ₹ 11,00,000/- | ₹5,50,000/- (SCP)<br>₹5,50,000/- (DP) |
| ചെലവ് ,ബിൽ നം., തീ., തുക | ₹5,00,000/- (DP)<br>272/23.01.24 |

ബന്ധപ്പെട്ട ട്രഷറി ബില്ലുകളുടെ സാംഖ്യ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ ആനുകൂല്യതുക ഗുണഭോക്താക്കളുടെ (വിദ്യാർത്ഥികളുടെ) അക്കൗണ്ടിലേക്ക് ലഭ്യമായത് സംബന്ധിച്ച പേര് വിവരങ്ങൾ ഇല്ലാതെയാണ് ചിലതിൽ തുക ക്രഡിറ്റ് ആയിട്ടുള്ളത് എന്ന് കാണുന്നു. ഡെലിവറി സ്റ്റാറ്റസ് പ്രകാരം ലഭ്യമായ വിവരങ്ങൾ (പേരില്ലാത്തവ) ചേർക്കുന്നു.

A) ബിൽ കൺട്രോൾ കോഡ് - 231106520101011106471 (272/23.01.24 )

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | IFSC Code | Account No. | ഡെലിവറി സ്റ്റാറ്റസ് | തുക |
|---|---|---|---|---|---|
| 1 | സ്റ്റാറ്റസ് റിപ്പോർട്ടിൽ പേര് ഇല്ല | SBIN0004548 | 38817515693 | Delivered | ഡെലിവറി സ്റ്റാറ്റസ് പ്രകാരം |

| | | | | | |
|---|---|---|---|---|---|
| | | | | | തുക എത്ര എന്ന വിവരം ലഭ്യമല്ല |
| 2 | സ്റ്റാറ്റസ് റിപ്പോർട്ടിൽ പേര് ഇല്ല | CNRB0000703 | 0703120000094 | Delivered | ” |

എ) പേരില്ലാത്ത അക്കൗണ്ടുകളിലേക്ക് ലഭ്യമാക്കിയ തുകകൾ, ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം അർഹതപ്പെട്ട വിദ്യാർത്ഥിക്കാണ് ലഭിച്ചിരിക്കുന്നതെന്ന്, ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിനെ ബോധ്യപ്പെടുത്തുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/11.11.24) ലഭ്യമാക്കിയ മറുപടിയിൽ അഞ്ജലിമോൾ ഇ.ടി., സുജിത് സുരേഷ് എന്നിവർക്കാണ് തുക ലഭ്യമാക്കിയത് എന്ന് അറിയിച്ചു.
ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പറിലെ പിഴവ് സാംഖ്യ വെബ്ബിലെ അക്കൗണ്ട് കറക്ഷൻ ആഫ്റ്റർ ബിൽ ഓപ്ഷനിൽ തിരുത്തിയാണ് ടി ഗുണഭോക്താക്കൾക്ക് തുക ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ സാംഖ്യ സോഫ്റ്റ് വെയറിലെ തകരാർ മൂലം ഗുണഭോക്താവിന്റെ പേര് അക്കൗണ്ട് കറക്ഷൻ ആഫ്റ്റർ ബിൽ ഓപ്ഷനിൽ ലഭ്യമാക്കിയിട്ടില്ല എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ടി സോഫ്റ്റ്വെയർ അപാകത ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

**<u>1-18 ചികിത്സാ സഹായം - ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെ വിവരങ്ങളില്ല ₹9,500/- തടസ്സപ്പെടുത്തുന്നു.</u>**

കാരുണ്യസ്പർശം – ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം എന്ന പ്രൊജക്ട് പ്രകാരം, രോഗികൾക്ക് തിരികെ നൽകുന്നതിനായാണ് ₹9,500/- ഡയാലിസിസ് നടത്തിയ ഹോസ്പിറ്റലിലേക്ക് കൈമാറിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക ലഭ്യമാക്കിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. എ. പി. വർക്കി മിഷൻ ഹോസ്പിറ്റലിന്റെ കത്ത് നമ്പർ Avpm/Dia/201/22 തീയതി 02.08.2022 ആണ് ഫയലിൽ ഉള്ളത്. കത്തിൽ 3 രോഗികളുടെ വിവരങ്ങൾ പ്രകാരം തുക ആവശ്യപ്പെടുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ ടി രോഗികൾക്ക് തുക ലഭ്യമാക്കിയതിന്റെയോ

സൗജന്യമായി ഡയാലിസിസ് സേവനം ലഭ്യമാക്കിയതിന്റെയോ രേഖകൾ പ്രൊജക്ട് ഫയലിൽ ഇല്ല. വിശദവിവരം ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | SO 184/24 |
| പ്രൊജക്ടിന്റെ പേര് | കാരുണ്യസ്പർശം- ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| അടങ്കൽ | ₹ 9500/- (വികസന ഫണ്ട് ജനറൽ) |
| ചെലവ്- ബിൽ നം. /തീയതി/ തുക | ₹ 9500/- 171/08.11.23 |

രോഗികളുടെ വിവരങ്ങൾ ചേർക്കുന്നു (കത്ത് നമ്പർ Avpm/Dia/201/22 തീയതി 02.08.2022 പ്രകാരം)

| നം | പേര്/ തുക |
|---|---|
| 1. | എം. കെ. കുര്യാക്കോസ് - ₹ 4000/- |
| 2 | സുജ പി.എ. - ₹ 4000/- |
| 3 | അശ്വതി - ₹ 1500/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. 32/11.11.2024 ന് മറുപടി ലഭ്യമാക്കിയില്ല.

A. ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക ലഭ്യമാക്കിയതിന്റെ രേഖകകളോ സൗജന്യമായി ഡയാലിസിസ് സേവനം ലഭ്യമാക്കിയതായുള്ള രേഖയോ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

B. തുകകൾ രോഗികൾക്ക് തിരികെ നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് മെഡിക്കൽ ഓഫീസർ ബന്ധപ്പെട്ട ആശുപത്രികൾക്ക് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തി, കത്ത് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഹാജരാക്കേണ്ടതാണ്.

C. അർഹതപ്പെട്ടവർക്കെല്ലാം പ്രൊജക്ട് പ്രകാരം ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടോ എന്നതിനും മറുപടി ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത വിവരങ്ങളും പ്രൊജക്ട്

സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ ഇല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവ് തുകയായ ₹9,500/- തടസ്സപ്പെടുത്തുന്നു.

**1-19 ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് ഇൻസെന്റീവ്-സംബന്ധിച്ച്.**

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ 'ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് ഇൻസെന്റീവ്' എന്ന പ്രോജക്ടിന്റെ (**S0008/24**) വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S0008/24 |
| പ്രോജക്ടിന്റെ പേര് | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് ഇൻസെന്റീവ് |
| അടങ്കൽ | ₹4,00,000/- (വികസന ഫണ്ട് ജനറൽ)<br>₹5,00,000/- (ബ്ലോക്ക് പഞ്ചായത്ത്)<br>₹4,00,000/- (ജില്ലാ പഞ്ചായത്ത്)<br>ആകെ- ₹13,00,000/- |
| ചെലവ്<br>ബിൽ നം&തീയതി | 1. **₹4,00,000/-** (വികസന ഫണ്ട് ജനറൽ<br>– 425/24.03.2024)<br><br>2. **₹4,25,000/-** (ബ്ലോക്ക് പഞ്ചായത്ത് –<br>229/21.12.2023-₹99,999/-,<br>230/21.12.2023-₹99,999/-,<br>231/21.12.2023-₹99,999/-,<br>232/21.12.2023-₹97,660/-,<br>280/30.01.2024-₹27,343/-)<br><br>3. **₹4,00,000/-** (ജില്ലാ പഞ്ചായത്ത് -<br>276/24.01.2024-₹99,924/-,<br>277/24.01.2024-₹99,954/-,<br>278/24.01.2024-₹99,969/-, |

| | |
|---|---|
| | 332/23.02.2024-₹1,00,153/-)<br>**ആകെ- ₹12,25,000/-** |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

മേൽ പ്രോജക്ട് പ്രകാരം ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് ഇൻസെന്റീവ് തുകയായി 2023-24 വർഷത്തിൽ ₹12,25,000/-രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ "DELIVERED" STATUS റിപ്പോർട്ട് പരിശോധിച്ചതിൽനിന്നും താഴെ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ സ്റ്റാറ്റസ് "Returned To Government" എന്നാണ് കാണപ്പെടുന്നത്. ടി ഗുണഭോക്താക്കളുടെ യൂ.ടി.ആർ. സ്റ്റേറ്റ്മെന്റിലെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം/ തീയതി | പേര് | ബാങ്ക് | അക്കൗണ്ട് നം. | യൂ.ടി.ആർ. നം. | തുക (₹) |
|---|---|---|---|---|---|
| 229/ 21.12.2023 | ഡെയ്സി റെജി | വിജയ ബാങ്ക് | 211501011000551 | Null | 402 |
| | തങ്ക കുമാരൻ | ബാങ്ക് ഓഫ് ബറോഡ | 211501011000877 | Null | 369 |
| | ജോളി ജോണി | കാനറാ ബാങ്ക് | 703101060972 | RBI0172414420203 | 198 |
| | എബി ജോൺ | സൗത്ത് ഇന്ത്യൻ ബാങ്ക് | 50053000042180 | RBI0172414420204 | 153 |
| | സരള സി കെ | സൗത്ത് ഇന്ത്യൻ ബാങ്ക് | 32053000043623 | RBI0172414420214 | 441 |

| | | | | | |
|---|---|---|---|---|---|
| 230/ 21.12.2023 | ഡെയ്സി റെജി | വിജയ ബാങ്ക് | 211501011000551 | Null | 330 |
| | തങ്ക കുമാരൻ | വിജയ ബാങ്ക് | 211501011000877 | Null | 282 |
| | രാജീവൻ | വിജയ ബാങ്ക് | 211501011000978 | Null | 288 |
| | ജോളി ജോണി | കാനറാ ബാങ്ക് | 703101060972 | RBI0172414420361 | 96 |
| | എബി ജോൺ | സൗത്ത് ഇന്ത്യൻ ബാങ്ക് | 50053000042180 | RBI0172414420362 | 177 |
| | സരള സി കെ | സൗത്ത് ഇന്ത്യൻ ബാങ്ക് | 32053000043623 | RBI0172414420367 | 372 |
| | ടെസ്സി രാജു | കാനറ ബാങ്ക് | 0703101053740 | - | 327 |
| 231/ 21.12.2023 | ഡെയ്സി റെജി | വിജയ ബാങ്ക് | 211501011000551 | Null | 285 |
| | തങ്ക കുമാരൻ | വിജയ ബാങ്ക് | 211501011000877 | Null | 219 |
| | രാജീവൻ | വിജയ ബാങ്ക് | 211501011000978 | Null | 300 |
| | ജോളി ജോണി | കാനറാ ബാങ്ക് | 703101060972 | RBI0182415045104 | 33 |
| | എബി ജോൺ | സൗത്ത് ഇന്ത്യൻ ബാങ്ക് | 50053000042180 | RBI0182415045105 | 195 |
| | സരള സി കെ | സൗത്ത് ഇന്ത്യൻ ബാങ്ക് | 32053000043623 | RBI0182415045110 | 312 |
| | ടെസ്സി രാജു | കാനറ ബാങ്ക് | 0703101053740 | - | 321 |

| | | | | | |
|---|---|---|---|---|---|
| 232/ 21.12.2023 | ഡെയ്സി റെജി | വിജയ ബാങ്ക് | 211501011000551 | Null | 246 |
| | തങ്ക കുമാരൻ | വിജയ ബാങ്ക് | 211501011000877 | Null | 159 |
| | രാജീവൻ | വിജയ ബാങ്ക് | 211501011000978 | Null | 312 |
| | എബി ജോൺ | സൗത്ത് ഇന്ത്യൻ ബാങ്ക് | 50053000042180 | RBI0182415341250 | 204 |
| | സരള സി കെ | സൗത്ത് ഇന്ത്യൻ ബാങ്ക് | 32053000043623 | RBI0182415341259 | 246 |
| | ടെസ്സി രാജു | കാനറ ബാങ്ക് | 0703101053740 | - | 315 |
| | | | | **ആകെ** | 6582 |

പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (09/08.11.2024) മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പർ തെറ്റായിട്ടാണ് നൽകിയതെന്നും, സാംഖ്യാ വെബ്ബിലെ സാങ്കേതിക പിഴവുകൾ മൂലമാണ് മേൽ പറഞ്ഞ 4 ബില്ലുകളിലെ തെറ്റ് തിരുത്താതെപോയതെന്നും, ആയതുമൂലം തുക നഷ്ടപ്പെട്ട ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് അനുവദിക്കുന്ന പക്ഷം നടപ്പു സാമ്പത്തിക വർഷത്തിലെ പഞ്ചായത്ത് വിഹിതത്തിൽ നിന്നും നഷ്ടപ്പെട്ട തുക നൽകാവുന്നതാണെന്നും അറിയിച്ചു.
ട്രഷറിയിൽ ബിൽ പാസ്സാക്കുകയും പേര്, ഐ.എഫ്.എസ്.സി., അക്കൗണ്ട് നമ്പർ എന്നിവയിലെ തെറ്റ് കാരണം തുക ലഭിക്കാതിരിക്കുകയും ചെയ്താൽ തിരുത്തുന്നതിനുള്ള സ്ക്രീൻ സാംഖ്യ വെബ്ബിൽ ലഭ്യമാണ്. നിർവ്വഹണോദ്യോഗസ്ഥൻ, ട്രഷറി ബില്ലുകളുടെ സാംഖ്യ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ച് എല്ലാ ഗുണഭോക്താക്കൾക്കും തുക ലഭ്യമായി എന്ന് ഉറപ്പുവരുത്തേണ്ടതാണ്. അർഹമായ ആനുകൂല്യം യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതിന്റെ ഉത്തരവാദിത്തം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ഇതിന്റെ അനന്തരനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

**1-20 എബിസി പ്രോഗ്രാമിനു വേണ്ടി ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.1,04,545/- രൂപ തടസ്സം**

എബിസി പ്രോഗ്രാമിനു വേണ്ടി മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന് 104545/-രൂപ നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 228/24 |
| പ്രോജക്ടിന്റെ പേര് | എബിസി പ്രോഗ്രാമിനുവേണ്ടി ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറൽ |
| അടങ്കൽ | 104545/-(തനത് ഫണ്ട്) |
| ചെലവ് | 1) 62686/-, 123/14-9-23<br>2) 41859/-, 122/14-9-23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ടി പ്രോജക്ട് പ്രകാരം മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന് എബിസി പ്രോഗ്രാമിനു വേണ്ടി മേൽ ബിൽ നം. പ്രകാരം 104545/- രൂപ നല്കിയിട്ടുണ്ട്. ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 33/11-11-24) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 104545/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-21 വൈദ്യുതി ലൈൻ വലിയ്ക്കൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല -145720/- രൂപ തടസ്സപ്പെടുത്തുന്നു.**

ഗ്രാമപഞ്ചായത്തിൽ ജയശ്രീ കവല റെയിൽവേ സ്റ്റേഷൻ റോഡിലും ചാലിയത്ത് താഴം റോഡിലും സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് 145720/-രൂപ നല്കിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 151/24 |
| പ്രോജക്ടിന്റെ പേര് | വൈദ്യുതി ലൈൻ വലിയ്ക്കൽ |
| അടങ്കൽ | 149440/-(ധന.ക.ഗ്രാന്റ്) |
| ചെലവ് | 145720/- |

| | |
|---|---|
| [illegible] | 508/28-3-24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ടി പ്രോജക്ട് പ്രകാരം വൈദ്യുതി ലൈൻ വലിയ്ക്കുന്നതിനായി മേൽ ബിൽ നമ്പർ പ്രകാരം 145720/- രൂപ അസിസ്റ്റന്റ് എഞ്ചിനീയർക്ക് (ഇലക്ട്രിക്കൽ സെക്ഷൻ, ആമ്പല്ലൂർ) നല്കിയിട്ടുണ്ട്. ഇതിന്റെ പണി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 145720/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 റോഡ് കണക്ടിവിറ്റി മാപ്പിംഗ്-പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി 42000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 173/24 |
| പ്രൊജക്ടിന്റെ പേര് | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ(So) |
| അടങ്കൽ | 42000/-(തനത് ഫണ്ട്) |
| ചെലവ് | 42000/-, ചെക്ക് നം. 026096/30-10-23. |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എൻജിനീയർ |

പഞ്ചായത്ത് പരിധിയിലെ റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനായി അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത് വിഭാവനം ചെയ്ത പ്രോജക്ടാണ് റോഡ് കണക്ടിവിറ്റി മാപ്പിംഗ്. 2023-24 വർഷം റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് സ്പിൽ ഓവർ ആയി പ്രോജക്ട്(42000/-, തനത് ഫണ്ട്) വെച്ചിട്ടുണ്ട്. തൻവർഷം 42000/- ചെലവഴിക്കുകയും ചെയ്തു. ഇപ്രകാരം മൊബൈൽ ആപ്പ് വഴി മുഴുവൻ വാർഡുകളിലെയും ആസ്തികൾ ട്രാക്ക് ചെയ്തോയെന്ന വിവരം, ശേഖരിച്ച ഡാറ്റ വാലിഡേറ്റ് ചെയ്ത് ഡിജിറ്റലൈസ് ചെയ്തതിന്റെ വിവരം, നിലവിലെ അവസ്ഥ എന്നിവ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/8-11-24) ലഭ്യമാക്കിയ മറുപടിയിൽ

നിലവിൽ റോഡുകൾ മാത്രമേ ട്രാക്ക് ചെയ്ത് ഡാറ്റ വാലിഡേറ്റ് ചെയ്തിട്ടുള്ളു എന്ന് അറിയിച്ചു. എന്നാൽ സർക്കാർ നിർദ്ദേശം റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനാണ്. സർക്കാർ നിർദ്ദേശപ്രകാരം റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-23 കറവപ്പശു വിതരണം - ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയില്ല-90,000/-രൂപ തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്ട് നം | 148/24- കറവപ്പശു വളർത്തൽ (സ്പിൽ ഓവർ) |
| ഫണ്ട് | വികസനഫണ്ട് ജനറൽ-90,000/-രൂപ |
| ചെലവഴിച്ച തുക | 90,000/-രൂപ (ബിൽ നം 180/09.11.23) |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ |

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം 2022-2023, 2023-2024 വർഷങ്ങളിലായി 10 ക്ഷീര കർഷകർക്ക് കറവ പശുക്കളെ വാങ്ങിയതിനുള്ള സബ്സിഡി തുക 30,000/- രൂപ നിരക്കിൽ 3,00,000/- രൂപ പശുവിനെ നല്കിയവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. പദ്ധതി പരിശോധനയിൽ 50,000/- രൂപയ്ക്ക് പശുവിനെ വാങ്ങിയവർക്ക് 50% സബ്സിഡിയായ 25,000/- രൂപ നല്കുന്നതിന് പകരം 30,000/- രൂപ നല്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

2022-2023, 2023-2024ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ.) നം.115/2022/ത.സ്വ.ഭ.വ തീയതി.28.05.2022) ഖണ്ഡിക 6.3.1. പ്രകാരം പശുവിനെ വാങ്ങുന്നതിന് നല്കാവുന്ന സബ്സിഡി പശുവിന്റെ വിലയുടെ 50% ൽ കവിയാതെയാണ്. എന്നാൽ മേൽ പദ്ധതിയിലെ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ 50,000/- രൂപയ്ക്ക് ഇൻഷ്വർ

ചെയ്തിട്ടുള്ളതായ പശുക്കളെ വാങ്ങിയതിന് 50% തുകയായ 25,000/- രൂപ നല്കുന്നതിന് പകരം പരമാവധി സബ്സിഡി ആയ 30,000/- രൂപ നല്കിയിരിക്കുന്നു. ഇപ്രകാരം 2022-2023 സാമ്പത്തിക വർഷം 7 ഗുണഭോക്താക്കൾക്കായി 5,000/- രൂപ നിരക്കിൽ 35,000/- രൂപയും 2023-2024 സാമ്പത്തിക വർഷം 3 ഗുണഭോക്താക്കൾക്കായി 5,000/- രൂപ നിരക്കിൽ 15,000/- രൂപയും അധികം നൽകിയിട്ടുണ്ട്. കൂടാതെ കുറഞ്ഞത് 3 വർഷമെങ്കിലും ഉരുക്കളെ വളർത്തുമെന്ന് കരാർ വെയ്ക്കണമെന്ന് മേൽ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം കരാർ വെച്ചിട്ടില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2/05.11.24) പശുവിനെ വാങ്ങിയത് 60,000/- രൂപയ്ക്കാണെന്നും 60,000/- രൂപയ്ക്ക് ഇൻഷ്വർ ചെയ്താൽ പ്രീമിയം തുക കൂടുതൽ ഒടുക്കേണ്ടി വരുന്നത് ഗുണഭോക്താക്കൾക്ക് സാമ്പത്തിക പ്രയാസം നേരിടുന്നതിനാലാണ് 50,000/- രൂപയ്ക്ക് ഇൻഷ്വർ ചെയ്തതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ഇൻഷ്വർ ചെയ്യുന്നത് പശുവിന്റെ യഥാർത്ഥ വില കണക്കാക്കിയാണ്. ആയതിനാൽ ഇൻഷ്വർ ചെയ്ത 50,000/- രൂപയാണ് പശുവിന്റെ യഥാർത്ഥ വില. ഭാവിയിൽ ഇപ്രകാരം അപാകതകൾ ആവർത്തിക്കാതെയും മാർഗ്ഗരേഖ പ്രകാരം കുറഞ്ഞത് 3 വർഷമെങ്കിലും ഉരുക്കളെ വളർത്തുമെന്ന് കരാർ വെയ്ക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

മേൽ പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (2/05.11.24) നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കുന്നതുവരെ 2023-2024 സാമ്പത്തിക വർഷം ചെലവഴിച്ച 90,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-24 ഉരുക്കളെ ഇൻഷ്വർ ചെയ്ത രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ |
| | |

| പദ്ധതിയുടെ പേര്, നമ്പർ | പോത്ത്കുട്ടി വിതരണം-വനിത(എസ്‌സി) 76/24 | കിടാരി വിതരണം-(എസ്‌സി) 19/24 | കിടാരി വിതരണം-(ജനറൽ) 14/24 |
|---|---|---|---|
| പ്രോജക്ടിലെ ഗുണഭോക്താക്കളുടെ എണ്ണം | 16 | 8 | 23 |
| അടങ്കൽ തുക | ₹1,92,000/- ( ₹1,44,000/- വികസന ഫണ്ട് – എസ്‌സിപി, ₹48,000/- ഗുണഭോക്തൃ വിഹിതം) | ₹1,28,000/- (₹96,000/- വികസന ഫണ്ട് -എസ് സി പി, ₹32,000/- ഗുണഭോക്തൃ വിഹിതം) | ₹3,68,000/- (₹1,84,000/- വികസന ഫണ്ട്, ₹1,84,000/- ഗുണഭോക്തൃ വിഹിതം) |
| ചെലവ് തുക | ₹48,000/- ( ഗുണഭോക്തൃ വിഹിതം) | ₹32,000/- ( ഗുണഭോക്തൃ വിഹിതം) | ₹1,84,000/- (ഗുണഭോക്തൃ വിഹിതം) |

വെറ്ററിനറി സർജൻ നടപ്പാക്കിയ മേൽ പ്രോജക്ടുകൾ പ്രകാരം ഗുണഭോക്തൃവിഹിതം മാത്രമേ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുള്ളു. സബ്സിഡി മാർഗ്ഗരേഖ സ.ഉ.കൈ.നം.115/2022/ത.സ്വ.ഭ.വ. തീയതി-28.05.2022 ഖണ്ഡിക 33(2) പ്രകാരം കിടാരികളെയും പോത്തുകുട്ടികളെയും ഗുണഭോക്താക്കളുടെ ചെലവിൽ ഇൻഷ്വർ ചെയ്യേണ്ടതാണ്. എന്നാൽ മേൽ പ്രോജക്ടുകൾ പ്രകാരം വിതരണം ചെയ്തിട്ടുള്ള കിടാരികളെയും പോത്തുകുട്ടികളെയും ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇൻഷ്വറൻസ് രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/10.11.24) ഇൻഷ്വർ ചെയ്യുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ വെറ്ററിനറി സർജന്റെ ഭാഗത്ത് നിന്ന് നടത്തിയിട്ടുണ്ടെന്നും ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കി ചെയ്യുവാൻ സാധിക്കാത്തതിനാലാണ് ഇൻഷ്വറൻസ് രേഖകൾ ലഭ്യമാക്കാത്തതെന്നുള്ള മറുപടി തൃപ്തികരമല്ല. പദ്ധതി പൂർത്തീകരണം ഉരുക്കളെ ഇൻഷ്വർ

ചെയ്ത രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്

**1-25 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് വരവ് വെക്കേണ്ടതാണ്.**

കേരളാ ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരവും 2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 79 പ്രകാരവും തദ്ദേശഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞിട്ടും തിരികെ കൈപ്പറ്റാത്ത കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ വരവിലെടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പിന്റെ 14.1.20 ലെ 1/125/19 -ാം നമ്പർ സർക്കുലർ പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടുകളിൽ തിരികെ നൽകാതെ അവശേഷിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്ന് വർഷ കാലാവധി പൂർത്തിയാകുമ്പോൾ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് വരവിലെടുക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റിനങ്ങളിൽ ശേഷിക്കുന്ന തുക ഏതൊക്കെ വർഷങ്ങളിൽ ലഭ്യമായതാണെന്ന് ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. വാർഷിക ധനകാര്യ പത്രിക B-7 ഷെഡ്യൂൾ പ്രകാരം വിവിധ ഡെപ്പോസിറ്റിനങ്ങളിൽ ലഭ്യമായ തുകയിൽ 11,84,987/- രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക ഏതൊക്കെ വർഷങ്ങളിൽ ലഭ്യമായതാണെന്നു വ്യക്തമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിന്റെ കാരണവും 11,84,987/- രൂപ ഏതൊക്കെ വർഷങ്ങളിൽ ലഭ്യമായതാണെന്നും വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (17/10.11.24) മറുപടി ലഭ്യമാക്കിയില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിൻമേൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-26 മുൻ വർഷങ്ങളിൽ നൽകിയ മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല.**

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക ബി-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ടു

ഇംപ്ലിമെന്ററിങ്ങ് ഓഫീസേഴ്സ് (460500501) എന്ന ശീർഷകത്തിൽ മുൻകൂർ നൽകിയ ₹14,35,283/- ഇനിയും ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്നണ്ട്. ഈ തുക മുൻ വർഷങ്ങളിൽ നൽകിയതാണ്. മുൻകൂർ നൽകിയ മേൽ തുക ക്രമീകരിക്കപ്പെടാതെ ശേഷിക്കുന്നതിൻമേൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടികൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/10.11.24) മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ നൽകിയ മേൽ തുക പിഴപ്പലിശ സഹിതം ഈടാക്കി ക്രമീകരിക്കേണ്ടതാണ്.

**1-27 ഇലക്ഷൻ നിക്ഷേപം തനത് ഫണ്ടിലേക്ക് വരവ് വെയ്ക്കേണ്ടതാണ്.**

വാർഷിക ധനകാര്യ പത്രികയിലെ ബി-7 ഷെഡ്യൂൾ പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് (340100303) ഇനത്തിൽ ₹25,000/- ബാദ്ധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവിലെടുക്കേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം നാളിതുവരെ തനത് ഫണ്ടിൽ മുതൽക്കൂട്ടാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/10.11.2024) മറുപടി ലഭ്യമാക്കിയില്ല. നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം തനതുഫണ്ടിൽ വരവിലെടുക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-28 മുൻ വർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.**

വാർഷിക ധനകാര്യപത്രിക ബി-18 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിൽ നിക്ഷേപിച്ച തുകകളിൽ ഇനിയും പണി പൂർത്തീകരിച്ച് ഡെപ്പോസിറ്റ് ചെയ്ത തുക ക്രമീകരിക്കാനുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക ഒഴികെയുള്ള മുന്നിരുപ്പ് തുക |
|---|---|
| കേരള വാട്ടർ അതോറിറ്റി 460500201 | 4,85,711/- |
| കേരള ഇലക്ട്രിസിറ്റി ബോർഡ് 460500202 | 19,82,584/- |
| കേരള ഹൗസിംഗ് ബോർഡ് 460500203 | 11,00,000/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് 460500204 | 43,000/- |

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മേൽ നിക്ഷേപങ്ങൾ ഏതെല്ലാം വർഷങ്ങളിൽ ഏതേത് പ്രവൃത്തികൾക്ക് വേണ്ടിയാണ് നിക്ഷേപിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/10.11.24) മറുപടി ലഭ്യമാക്കിയില്ല. മേൽ നിക്ഷേപ പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും തുടർ വർഷങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക നിക്ഷേപിക്കുമ്പോൾ തന്നെ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടുന്നതിനും കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 സാമൂഹ്യ സുരക്ഷാ പെൻഷൻ - അനർഹമായ കാലയളവിലെ തുകകൾ

സ.ഉ.(കൈ) നം.97/2020/ധന/ 23.09.2020 നമ്പർ ഉത്തരവ് പ്രകാരം അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ച് പിടിച്ച് കേരള

സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിലേക്ക് തിരികെ അടക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. മരണപ്പെട്ട പെൻഷൻകാരുടെ അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിനുശേഷം അനർഹമായി തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രസ്തുത തുകകൾ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നതിന് മരണപ്പെട്ട പെൻഷണറുടെ അവകാശികൾ/ബന്ധപ്പെട്ട ബാങ്കുകൾ എന്നിവർക്ക് ഗ്രാമപഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നും ആയത് പ്രകാരം തുക അടവാക്കിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/07.11.24) ലഭ്യമാക്കിയ മറുപടിയിൽ, ഇപ്രകാരമുള്ള തുകകൾ തിരികെ അടവാക്കുന്നതിനായി 12 കത്തുകൾ വിവധ ബാങ്കുകളിലേക്ക്(സഹകരണ ബാങ്കുകൾ ഒഴികെ) നൽകിയിട്ടുള്ളതായി അറിയിച്ചു. എന്നാൽ നാളിതുവരെ പ്രസ്തുത ബാങ്കുകളിൽ നിന്നും തുക തിരികെ അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലെന്നും ആയതിനാൽ അടിയന്തിരമായി വിവരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുടർ വിവരങ്ങൾ ഓഡിറ്റിൽ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

നിലവിൽ, മരണപ്പെട്ട ഗുണഭോക്താവിന് അനർഹമായ കാലയളവിൽ വിതരണം ചെയ്യുന്ന തുക യുടെ തിരിച്ചടവ് സംബന്ധിച്ച് ആശയക്കുഴപ്പം നിലനിൽക്കുന്നുണ്ട്. സഹകരണ ബാങ്കുവഴി മരണതീയതിക്കു ശേഷം വിതരണം ചെയ്യുന്ന ഡയറക്ട് ടു ഹോം (DTH) എന്നതിലാണ് സോഫ്റ്റ്‌വെയർ അപാകത കാരണം അവ്യക്തത നിലനിൽക്കുന്നത്. ഡിസീസ്ഡ് എന്ന് രേഖപ്പെടുത്തി തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിലേക്ക് തിരികെ അടവാക്കിയാലും ആയതിന് സ്റ്റാറ്റസ് പ്രകാരം "തുക കൈമാറാൻ സാധിച്ചില്ല" എന്ന ഓപ്ഷൻ മാത്രമാണ് സേവന സോഫ്റ്റ്‌വെയർ പ്രകാരം നിലവിലുള്ളത്. ഇപ്രകാരമുള്ള സാഹചര്യത്തിൽ "തുക തിരികെ അടവാക്കി" എന്ന ഓപ്ഷൻ UTR നമ്പർ സഹിതം ഉൾപ്പെടുത്തി സോഫ്റ്റ്‌വെയർ ക്രമീകരിച്ചാൽ മാത്രമേ തിരികെ അടവാക്കുന്ന പെൻഷൻ തുകയുടെ വിവരങ്ങൾ കൃത്യമാവുകയുള്ളൂ.

ഉദാഹരണം ചേർക്കുന്നു.

ശ്രീമതി ജാനകി സി.കെ. എന്ന വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവ് 15.02.2021 ൽ

മരണപ്പെട്ടിട്ടുള്ളതാണ്. പെൻഷൻ ഐ.ഡി. 106730200920. സഹകരണബാങ്കിന്റെ ഡയറക്ട് ടു ഹോം (DTH) പ്രകാരം തുക കൈപ്പറ്റിയിരുന്നതിനാൽ 2021 ഫെബ്രുവരി മാസം മുതൽ “Deceased”എന്ന് രേഖപ്പെടുത്തി ബാങ്ക് തുക തിരികെ അടവാക്കിയതായാണ് അവകാശപ്പെടുന്നത്. പെൻഷൻ സസ്പെന്റ് ചെയ്യാൻ കാലതാമസം വന്നതിനാൽ 2021 ഫെബ്രുവരി മാർച്ച് മാസങ്ങളിൽ ₹1500/- വീതവും 2021 മുതൽ മെയ് 2022 വരെ ₹1600/- വീതവും തുക ബാങ്കിനു കൈമാറുകയും ബാങ്ക് മേൽ വിവരിച്ച പ്രകാരം തുക തിരികെ അടവാക്കിയതായി അവകാശപ്പെടുകയും ചെയ്യുന്നു. എന്നാൽ ആയത് സ്റ്റാറ്റസിൽ രേഖപ്പെടുത്തുന്നതിന് നിലവിൽ ഓപ്ഷൻ ഇല്ലാത്തിനാൽ “തുക കൈമാറാൻ സാധിച്ചില്ല” എന്ന വിവരം മാത്രമാണ് ഓൺലൈൻ പരിശോധനയിൽ ലഭ്യമാവുന്നത്. ഇത് ആശയക്കുഴപ്പത്തിനു കാരണമാകുന്നതിനാൽ വിവരം ബന്ധപ്പെട്ടവരെ അറിയിച്ച് സോഫ്റ്റ്‌വെയറിൽ ക്രമീകരണങ്ങൾ വരുത്തി അപാകത പരിഹരിച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

മരണം രജിസ്റ്റർ ചെയ്യുന്നതോടൊപ്പം പെൻഷൻ സസ്പെന്റ് ആകുന്ന വിധത്തിൽ ആധാർ നമ്പരുമായി ബന്ധപ്പെടുത്തി സോഫ്റ്റ്‌വെയർ ക്രമീകരിക്കുന്നതും ഉചിതമായിരിക്കും. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

**<u>1-30 കോക്ളിയർ ഇംപ്ളാന്റേഷൻ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-35,160/- രൂപയുടെ തടസ്സം</u>**

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 98/24 – കോക്ളിയർ ഇംപ്ളാന്റേഷൻ മെയിന്റനൻസ് |
| ഫണ്ട് | വികസനഫണ്ട് -ജനറൽ |
| അടങ്കൽ | 35,160/- |
| ചെലവ് | 35,160/- |
| ബിൽ നമ്പർ/ തീയതി | 217/ 13.12.23 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിലെ സാമുവൽ ജിബി എന്ന ഗുണഭോക്താവിന്റെ കോക്ളിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനായി 35,160/- രൂപ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും മേൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകചയറി (34/11.11.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക 35,160/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

ആസ്തി ബാദ്ധ്യത കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച പല ഗ്രാന്റുകളും യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ട്രാൻസ്ഫേഡ് ഇൻസ്റ്റിറ്റ്യൂഷൻ ഫണ്ട് (സാമൂഹ്യ നീതി) 320200204 | 29832 | 0 | 29832 | 0 | 29832 |
| നിർമ്മൽ പുരസ്കാരം 320100191 | 5701 | 0 | 5701 | 5701 | 0 |
| കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ് (ക്യാപിറ്റൽ) 320800199 | 399846 | 0 | 399846 | 0 | 399846 |
| കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ്- (അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ്) 320400199 | 1352017 | 0 | 1352017 | 0 | 1352017 |
| കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ് | 1086 | 0 | 1086 | 1086 | 0 |

| | | | | | |
|---|---|---|---|---|---|
| (ക്രിമറ്റേറിയം ഫണ്ട്) 320200301 | | | | | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 320200304 | 31582 | 0 | 31582 | 31582 | 0 |
| കേരളോൽസവം 320100199 | 9020 | 0 | 9020 | 0 | 9020 |

പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭിച്ചിട്ടുള്ള ഈ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തുക തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

**1-32 ഓണം അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല**

വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം (460100101) ഓണം അഡ്വാൻസ് തുകയിൽ ₹12,000/- രൂപ ക്രമീകരിക്കാൻ ശേഷിക്കുന്നു. ക്രമീകരിക്കാനവശേഷിക്കുന്ന തുക കൈപ്പറ്റിയ ജീവനക്കാരുടെ വിവരവും മുൻകൂർ ക്രമീകരിക്കാത്തതിന്റെ കാരണവും വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (18/10.11.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 250 (3) പ്രകാരം അഡ്വാൻസ് നൽകുന്ന തുകകൾ അഞ്ച് തുല്യ ഗഡുക്കളായി തിരികെ ഈടാക്കണമെന്നും ആദ്യ ഗഡു ഒക്ടോബറിൽ നൽകുന്ന ശമ്പളത്തിൽ നിന്നും ഈടാക്കിത്തുടങ്ങണമെന്നും വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. തുക ക്രമീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

**1-33 പൊതുടോയ്‌ലെറ്റുകൾ (ടേക്ക് എ ബ്രേക്ക് )-ഉപയോഗപ്രദമാക്കിയിട്ടില്ല.**

ഗ്രാമപഞ്ചായത്തിൽ 2 പൊതുടോയ്‌ലെറ്റുകൾ (ടേക്ക് എ ബ്രേക്ക്) ഏതാണ്ട് പൂർത്തീകരിച്ച നിലയിൽ (മുൻ വർഷങ്ങളിൽ പണികഴിപ്പിച്ചവയാണ്.) കാടുപിടിച്ച് കിടക്കുന്നു. അതിൽ ഒരെണ്ണം 13-ാം വാർഡിൽ റോഡ് സൈഡിൽ കുട്ടികളുടെ കളിസ്ഥലത്തിനോട് അനുബന്ധിച്ചും ഒരെണ്ണം ഓപ്പൺ എയർ സ്റ്റേഡിയം പാർപ്പകോട് സ്റ്റേഡിയത്തിനും അടുത്ത് സ്ഥിതിചെയ്യുന്നു. ഓഡിറ്റ് ടീമും പഞ്ചായത്തിലെ ഓവർസിയറും കൂടി നടത്തിയ സംയുക്ത പരിശോധനയിൽ 2 പൊതുടോയ്‌ലെറ്റുകളും (ടേക്ക് എ ബ്രേക്ക്) ജനങ്ങൾക്ക് നാളിതുവരെ ഉപയോഗപ്രദമാക്കിയിട്ടില്ല എന്ന് കണ്ട് ബോദ്ധ്യപ്പെട്ടു. ഇവയുടെ പണി പൂർത്തീകരിച്ച്, വെള്ളം, വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടോ, ഇനി എന്തെല്ലാം പണികൾ പൂർത്തീകരിക്കാനുണ്ട്ഇവ പൊതുജനങ്ങൾക്ക് നാളിതുവരെ ഉപയോഗപ്രദമാക്കാതെ നിഷ്ക്രിയ ആസ്തിയായി ഇട്ടിരിക്കുന്നതിന്റെ കാരണം എന്നിവ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.29/11-11-24) മറുപടി ലഭ്യമാക്കിയിട്ടില്ല. 2 പൊതുടോയ്‌ലെറ്റുകളും (ടേക്ക് എ ബ്രേക്ക്) പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-34 ജലജീവൻ പദ്ധതി ആരക്കുന്നം ടാങ്കിന് സ്ഥലം വാങ്ങൽ-രേഖകൾ ഹാജരാക്കിയിട്ടില്ല.**

ജലജീവൻ പദ്ധതി ആരക്കുന്നം ടാങ്കിന് സ്ഥലം വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ടിൽ നിന്നും 14,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 158/24 |
| പ്രൊജക്ടിന്റെ പേര് | ജലജീവൻ പദ്ധതി- ആരക്കുന്നം ടാങ്കിന് സ്ഥലം വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹ 8,00,000/- ( തനത് ഫണ്ട്)<br>₹ 6,00,000/- ( മറ്റ് ഗ്രാമപഞ്ചായത്ത്) |
| ചെലവ്- ബിൽ നം. /തീയതി/ തുക | ₹ 14,00,000/-<br>1) 567680/-, 88/3-8-23.<br>2) 232320/-, 89/3-8-23.<br>3) 600000/-, 87/3-8-23. |

ജലജീവൻ പദ്ധതി പ്രകാരം മണീട്, മുളന്തുരുത്തി, ആമ്പല്ലൂർ, എടയ്ക്കാട്ടുവയൽ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് ഒരു ഉപരിതല സ്റ്റോറേജ് ടാങ്ക് 7 ലക്ഷം ലിറ്റർ കപ്പാസിറ്റി ഉള്ളത് നിർമ്മിക്കുന്നതിനായി, മുളന്തുരുത്തി വില്ലേജിലും എടയ്ക്കാട്ടുവയൽ വില്ലേജിലുമായി വ്യാപിച്ചുകിടക്കുന്ന എടയ്ക്കാട്ടുവയൽ വില്ലേജ് ബ്ലോക്ക് നം. 26 ൽ റീസർവ്വേ 145/2, മുളന്തുരുത്തി ൽ ഉൾപ്പെട്ട ശ്രീ. എ.വി. ജോയ്സൺ, അരികുപുറത്ത് എന്ന ആളുടെ 12 സെന്റ് സ്ഥലവും ഇതിലേക്ക് ഉള്ള വഴിയുടെ ആവശ്യത്തിനായി എടയ്ക്കാട്ടുവയൽ വില്ലേജ് ബ്ലോക്ക് നം. 26 ൽ റീസർവ്വേ 144/4-37ൽ പ്പെട്ട 1 1/4 സെന്റ് സ്ഥലവും വാങ്ങിയിട്ടുണ്ട് (ജില്ലാ കളക്ടറുടെ ഫെയർ വാല്യു പ്രകാരം വില നിശ്ചയിച്ച്). എന്നാൽ സ്ഥലം പോക്കുവരവ് നടത്തിയതിന്റെ രേഖകൾ, പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ വിവരങ്ങൾ, ആകെ 14 ലക്ഷം രൂപയിൽ 6 ലക്ഷം രൂപ മണീട്, മുളന്തുരുത്തി, ആമ്പല്ലൂർ എന്നീ പഞ്ചായത്തുകളുടെ വിഹിതമാണ്. ടി പഞ്ചായത്തുകളുടെ വിഹിതം ലഭ്യമായതിന്റെ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക് (നം.35/12-11-24) ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ എല്ലാം ഉണ്ട് എന്ന് അറിയിച്ചു. എന്നാൽ സ്ഥലം വാങ്ങലുമായി ബന്ധപ്പെട്ട രേഖകൾ

ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

**1-35 പദ്ധതി ആസൂത്രണം മോണിട്ടറിങ്ങ്-ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.**

പദ്ധതി ആസൂത്രണം മോണിട്ടറിങ്ങ് എന്ന പ്രോജക്ടിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 175065/-രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 18/24 |
| പ്രൊജക്ടിന്റെ പേര് | പദ്ധതി ആസൂത്രണം മോണിട്ടറിങ്ങ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 190000/- ( തനത് ഫണ്ട്) |
| ചെലവ്- ബിൽ നം. /തീയതി. / തുക | 175065/-രൂപ<br>1) 19913/-, 316/20-2-24.<br>2) 12852/-, 260/16-1-24.<br>3) 29239/-, 261/16-1-24<br>4) 5652/-, 233/21-12-23<br>5) 1995/-, 200/7-12-23<br>6) 3885/-, 195/1-12-23<br>7) 10280/-, 140/13-10-23<br>8) 5140/-, 30/1-6-23<br>9) 64539/-, 26/26-5-23<br>ആകെ- 153495/- |

ഇതിന്റെ ഫയൽ പരിശോധിച്ചതിൽ 175065/-രൂപ ആകെ ചെലവിൽ 153495/- രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഫയലിൽ ഉള്ളൂ. ബാക്കി 21570/- രൂപയുടെ ചെലവ് രേഖകൾ ഫയലിൽ ഇല്ല. ആയതിനാൽ ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നത് വരെ 21570/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2023-24 | 2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തിയത് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 8,59,800 | ചേലക്കാട് കോളനി സമഗ്ര വികസനം | 8,59,800 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (165/24) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 10,80,000 | ലൈഫ് ഭവന നിർമ്മാണം-ജനറൽ(41/24) | 10,80,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 8,16,000 | ലൈഫ് ഭവന നിർമ്മാണം-എസ്.സി.പി(42/24) | 8,16,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 2,92,350 | ഭിന്ന ശേഷി സ്കോളർഷിപ്പ് (74/24) | 2,92,350 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 2,02,297 | ചിൽഡ്രൻസ് പാർക്ക് നവീകരണം(247/24) | 2,02,297 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 4,25,000 | മിൽക്ക് സബ്സിഡി (8/24) | 4,25,000 | 0 |
| **ആകെ** | | **₹36,75,447** | | **₹36,75,447** | |
| ജില്ലാ പഞ്ചായത്ത് | 2023-24 | 1,98,000 | ഷി ജിം വനിതകൾക്ക് ഫിറ്റ്നസ്സ് സെന്റർ (192/24) | 1,98,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 6,80,000 | ലൈഫ് ഭവന നിർമ്മാണം-എസ്.സി.പി(42/24) | 6,80,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 21,60,000 | ലൈഫ് ഭവന നിർമ്മാണം-ജനറൽ(41/24) | 21,60,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 1,20,000 | ഭിന്നശേഷി സ്കോളർഷിപ്പ് (74/24) | 1,20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 5,00,000 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (51/24) | 5,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 10,000 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് | 10,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് (294/24) | | |
| ജില്ലാ പഞ്ചായത്ത് | 2023-24 | 4,00,000 | മിൽക്ക് സബ്സിഡി (8/24) | 4,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 5,12,000 | നെൽകൃഷി വികസനം (73/24) | 5,12,000 | 0 |
| **ആകെ** | | **₹45,80,000** | | **₹45,80,000** | |

**കുറിപ്പ്:-** സംയുക്ത പ്രോജക്ട് ബ്ലോക്ക് വിഹിതമിനത്തിൽ 247/24-ാം നമ്പർ പ്രോജക്ട് (ചിൽഡ്രൻസ് പാർക്ക് നവീകരണം) പ്രകാരം ചെലവഴിച്ച 2,02,297/-രൂപയിൽ 1,44,097/-രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## <u>4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ</u>

ഓഡിറ്റ് വർഷത്തിൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്കു മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | ലൈൻ ദീർഘിപ്പിക്കൽ (151/24) | 43301024/ 31.03.2024 | ₹1,45,720 | 0 | ₹1,45,720 |

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് - ഹഡ്കോ (330500202) | 0 | ₹1,95,62,140 | ₹1,95,62,140 | 0 | - | ₹1,95,62,140 |
| ലൈഫ് - കെ.യു. ആർ. ഡി.എഫ്.സി. (330500201) | ₹52,25,646 | ₹48,00,000 | ₹1,00,25,646 | ₹22,93,225 | - | ₹77,32,421 |

ജി.ഒ.പ്രോജക്ട് പ്രകാരം ₹22,93,225/- രൂപ തിരിച്ചടച്ചിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2011-12 | 3-11 | 2013-14 | 6-3,6-(3), (1, 2) | തൊഴിൽ നികുതി | ഖണ്ഡികകളിലെ പരാമർശങ്ങൾക്കനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2(1)എ) | 2016-17 | | 12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | തൊഴിൽ നികുതി ഈടാക്കുന്നതിന് അസി.എഞ്ചിനിയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ,, | 2(സി) | ,, | | റെയിൽവെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | റെയിൽവെ ഡിവിഷണൽ മാനേജർക്ക് 25-01-2017, 18-07-2017, 23-08-2018 തീയതികളിൽ അറിയിപ്പ് നൽകി. |
| ,, | 2(ഡി) | ,, | | പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവർ ശ്രീ.ബിനോയ് ജോസഫിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല. | 15-02-2017 ന് ഈടാക്കി ഒടുക്കിയിട്ടുണ്ട്. |

## **4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ചാർജ്/സർചാർജ് നടപടികൾ ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹7,29,02,294/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹5,89,39,953/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,26,958/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
നഷ്ടം ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 20,463/- | ശ്രീമതി ഗോപിക എം. ചന്ദ്രൻ, കൃഷി ഓഫീസർ |
| 1-18 | 9,500/- | ഡോ.ഭവ്യ ആർ പ്രസാദ് , മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.(തൊട്ടൂർ ) |
| 1-20 | 1,04,545/- | ശ്രീ. ജയന്തകുമാർ എ.പി., സെക്രട്ടറി, എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്ത് |
| 1-21 | 1,45,720/- | ശ്രീ. ജയന്തകുമാർ എ.പി., സെക്രട്ടറി, എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്ത് |
| 1-23 | 90,000/- | ഡോ.വീണ സി. ഫിലിപ്പ്, വെറ്ററിനറി സർജൻ |
| 1-30 | 35,160/- | ശ്രീമതി ബിനു തോമസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | | |
|---|---|---|
| 1-35 | 21,570/- | ശ്രീ. ജയന്തകുമാർ എ.പി., സെക്രട്ടറി, എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്ത് |
| ആകെ | 4,26,958/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

<u>ഇല്ല</u>

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

<u>ഇല്ല</u>

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഗോപിക എം ചന്ദ്രൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്ത് | ആലക്കൽ, കരിക്കകം പി.ഒ, തിരുവനന്തപുരം |
| ഡോ.ഭവ്യ ആർ പ്രസാദ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. (തൊട്ടൂർ ) | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.(തൊട്ടൂർ ) | മുതുകണ്ടത്തിൽ, പാണഞ്ചേരി ലെയിൻ, കൂർക്കഞ്ചേരി |
| ഡോ. വീണ സി ഫിലിപ്പ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, മൃഗാശുപത്രി, എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്ത് | തൊഴുപ്പാടൻ വീട്, കരുള്ളിൽ ലൈൻ, തൃപ്പൂണിത്തുറ, പേട്ട |
| ശ്രീമതി ബിനു തോമസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ ഇലഞ്ഞി ഗ്രാമപഞ്ചായത്ത് | പുതുമുള്ളിൽ (ഹൗസ്), മണീട് പി.ഒ, മണീട് |
| ശ്രീ. ജയന്തകുമാർ എ.പി. സെക്രട്ടറി | സെക്രട്ടറി എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്ത് | അലസക്കോടത്ത്മന, കാഞ്ഞിരമറ്റം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ/ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ഇ. /(പി6) /680/15, 11.12.15 |
| 2001-02 | കെ.എസ്.എ-ഇകെഎം/(പി6)1478(1)/19 തീ. 23.07.2019 |
| 2001-02 (പദ്ധതിചെലവ്) | എൽ.എഫ്.ഇ./ (പി4) /1438/03/ 10.12.08 |
| 2002-03 (പ്രദ്ധതി ചെലവ്) | എൽ.എഫ്.ഇ./ (പി4)/ 1245/05, 02.03.06 |
| 2003-04 | കെ.എസ്.എ-ഇകെഎം/(പി6) /1546/22, 04.01.2023 |
| 2004-05 | കെ.എസ്.എ-ഇകെഎം/(പി6)/ 1546/22, 04.01.2023 |
| 2005-06 | കെ.എസ്.എ-ഇകെഎം/(പി6) /1546/22, 04.01.2023 |
| 2007-08 | കെ.എസ്.എ-ഇകെഎം/(പി6) /1546/22, 04.01.2023 |
| 2008-09 | കെ.എസ്.എ-ഇകെഎം/(പി6)/ 1546/22, 04.01.2023 |
| 2009-10 | കെ.എസ്.എ-ഇകെഎം/(പി6)/ 1546/22, 04.01.2023 |
| 2010-11 | കെ.എസ്.എ-ഇകെഎം/(പി6) /1546/22, 04.01.2023 |
| 2011-12 | കെ.എസ്.എ-ഇകെഎം/(പി6)/ 1546/22, 04.01.2023 |
| 2012-13<br>2013-14 | കെ.എസ്.എ-ഇകെഎം/(പി6)/ 1546/22, 04.01.2023 |
| 2014-15 | കെ.എസ്.എ-ഇകെഎം/(പി6)/ 1546/22, 04.01.2023 |

| | |
|---|---|
| 2015-16 | കെ.എസ്.എ)-ഇകെഎം/(പി6)/ 1546/22, 04.01.2023 |
| 2016-17 | കെ.എസ്.എ)-ഇകെഎം/(പി6)/ 1546/22, 04.01.2023 |
| 2017-18 | കെ.എസ്.എ)-ഇകെഎം/(പി6)/ 1546/22, 04.01.2023 |
| 2018-19 | കെ.എസ്.എ)-ഇകെഎം/(പി6)/ 1546/22, 04.01.2023 |
| 2019-20 | കെ.എസ്.എ).-ഇകെഎം./(പി.6)/ 387/2021, 15.12.2021 |
| 2020-21 | കെ.എസ്.എ).-ഇകെഎം./(പി.6)/ 959/2022, 06.08.2022 |
| 2021-22 | കെ.എസ്.എ).-ഇകെഎം./(പി.6) /257/2023, 19.04.2023 |
| 2022-23 | കെ.എസ്.എ).-ഇകെഎം./(പി.6) /1755/2023, 16.12.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number 3 dated 3(1) dated 13-06-2024 and submitted on 19-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Edakkattuvayal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Edakkattuvayal Grama Panchayat as on 31-03-2024

**Date: 21/11/2024** **Deputy Director**

# Audit Report appended to the Audit Certificate of Edakkattuvayal Grama Panchayat for the Year 2023-2024.

## 1.Major Observations

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
2. Lack of Panchayath Raj Budget rules adversely affecting budgetary control system.
3. The asset value shown in Balance sheet is not traceable to Asset Register due to unsupported design of existing Asset Register.
4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

## 2.Other Observations

1. Discrepancy in Cash Flow statement
2. Capital expenditure booked from expenditure of maintenance grant (non-road)
3. Receipt of ICDS central share is not included in the Receipt & Payment Schedule.

4. Life state share Receipt & Payment differ in the AFS and Books of Accounts.

5. Receipt of specific purpose grant differ in the AFS and Books of Accounts.

6. Receipt of NREGA administrative expense differ in the AFS and Books of Accounts.

7. An expenditure of Rs. 18,625/- from the Development Fund (General) towards project no. 284/24, purchase of steel glassplates, has not been included as expenditure in Sulekha.

8. An expenditure of Rs. 1,44,097/- for joint venture project from Block share towards project no. 247/24, renovation of childrens park has not been included in AFS.

9. Annual Financial Statement Expenditure mismatch with Sulekha Expenditure statement.

| **Fund/ Grant** | **As per AFS (Rs.)** | **As per Sulekha expenditure statement (Rs.)** | **Difference (Rs.)** |
|---|---|---|---|
| Development Fund (SCP) | 31,53,784 | 31,34,784 | 19,000/- |
| CFC (Tied & Untied) | 19,96,344 | 20,04,218 | 7,874/- |

10. Timely demand is not recorded through journal entries.

11. Asset Register is not updated with sachithra software.

12. Deposit register is not maintained. Hence the correctness of B7 schedule balances cannot be ascertained.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്